# വേദാഭിമാനി

Vol.18 | No.4 | കാർത്തികപ്പള്ളി | R.No. 7361/02 | 2018 APRIL

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: **vedabhimani.com**

## ഇനി ചെടിയും പ്രകാശിക്കും



സന്ധ്യ ആയാൽ പ്രകാശത്തിനായി ഇലക്ട്രിക് ബൾബുകളെയാണ് നാം ആശ്രയിക്കാറ്. നമുക്കാവശ്യമായ പ്രകാശം നമ്മൾ നട്ടുവളർത്തുന്ന ചെടികൾ നൽകിയാലോ? ആ കാലം വിദൂരത്തല്ലെന്നാണ് അമേരിക്കയിലെ പ്രശസ്ത വിദ്യാഭ്യാസ-ഗവേഷക സ്ഥാപനമായ എം.ഐ.ടി.യിലെ ശാസ്ത്രജ്ഞർ പറയുന്നത്. ക്രിസ്മസ് ട്രീയുടെ കാര്യമൊന്നുമല്ല പറയുന്നത്. സ്വയം പ്രകാശിക്കാൻ കഴിയുന്ന ചെടികൾ വികസിപ്പിച്ചെടുക്കാനുള്ള പരീക്ഷണങ്ങൾ ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ആദ്യഘട്ടമായി നാലുമണിക്കൂർ തുടർച്ചയായി പ്രകാശം പുറപ്പെടുവിക്കാൻ കഴിയുന്ന ഒരു ചെടി ഇവർ വികസിപ്പിച്ചു കഴിഞ്ഞു. ഇതിനായി പ്രത്യേകം തയാറാക്കിയ നാനോ പാർട്ടിക്കിൾസ് ചെടിയുടെ ഇലയിൽ കയറ്റിവിട്ടാണ് ഈ പ്രകാശം സാധ്യമാക്കുന്നത്. ആദ്യഘട്ടത്തിൽ ടേബിൾലാംപായി ഉപയോഗിക്കാവുന്ന ചെടികൾ വികസിപ്പിച്ച് പിന്നീടത് ഒരു മുറി മുഴുവൻ പ്രകാശിപ്പിക്കാവുന്നത് എന്ന നിലയിലേക്ക് വിപുലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

## കുള്ളൻ ഗ്രാമം



ഇറാന്റെ തെക്കെ അറ്റത്ത് അഫ്ഘാൻ അതിർത്തിയിൽ നിന്ന് 75 കിലോമീറ്റർ മാറി സ്ഥിതിചെയ്യുന്ന മഖുനിക് ആണ് ആ ഗ്രാമം. ഒരു നൂറ്റാണ്ടു മുമ്പുവരെ ഇവിടെ ജീവിച്ചിരുന്ന ആളുകൾക്ക് ഒരു മീറ്റർ വരെ മാത്രമെ ഉയരമുണ്ടായിരുന്നുള്ളു. ഇറാന്റെ മറ്റ് ഭാഗങ്ങളിൽ നിന്നെല്ലാം ഒറ്റപ്പെട്ടുകിടക്കുന്ന ഒരു പ്രദേശമാണിത്. 2005 ലാണ് ഇവിടെ ഒളിഞ്ഞുകിടന്ന ഈ പുരാതന കുള്ളൻ ഗ്രാമത്തെക്കുറിച്ച് പുറംലോകമറിയുന്നത്.

ഒന്നര മുതൽ രണ്ടു മീറ്റർ വരെ മാത്രം ഉയരമുള്ള മൺവീടുകളാണ് ഇവിടുത്തെ മനുഷ്യരുടെ ഉയരക്കുറവിന്റെ ഏറ്റവും വലിയ തെളിവ്. മരത്തിൽ തീർത്ത വാതിലുകളും ജനലുകളുമൊക്കെയുള്ള ഈ വീടുകൾ പുറത്തുനിന്നു നോക്കിയാൽ ചെറുതെങ്കിലും ഉള്ളിൽ എല്ലാവിധ സൗകര്യങ്ങളുമുണ്ട്. ഒരു ശരാശരി മനുഷ്യന് ഇതിനുള്ളിൽക്കയറി കാഴ്ചകൾ കാണുന്നത് ഏറെ പ്രയാസകരമായ കാര്യമാണ്.

മഖുനിക്കിലെ ആളുകളുടെ ഉയരക്കുറവിനു പിന്നിൽ സങ്കടകരമായ ഒരു കാരണമുണ്ട്. അപൂർവമായി മാത്രം മഴ ലഭിക്കുന്ന ഈ പ്രദേശത്ത് മൃഗങ്ങളെ വളർത്തുന്നതും കൃഷി ചെയ്യുന്നതുമൊക്കെ വളരെ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. അതുകൊണ്ടുതന്നെ ഇവർ ഭക്ഷണത്തിനും വെള്ളത്തിനും കടുത്ത ക്ഷാമം അനുഭവിച്ചിരുന്നു. തന്മൂലമുണ്ടായ പോഷകക്കുറവായിരുന്നു ഇവരുടെ ഉയരക്കുറവിന്റെ കാരണം. വരണ്ട താഴ്‌വരകളിൽ വളരുന്ന ഒരുതരം പുല്ലായിരുന്നു ഇവരുടെ പ്രധാന ഭക്ഷണം. ഈ പുല്ല് ഉണക്കിപ്പൊടിച്ച് ചില റൊട്ടികളും മറ്റും ഉണ്ടാക്കിയിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ മഖുനിക് ഉൾപ്പെടുന്ന പ്രദേശങ്ങളിലേക്ക് കൂടുതൽ റോഡുകൾ നിർമ്മിക്കപ്പെട്ടു. ഇതോടെ ഈ പ്രദേശത്തിന് പുറംലോകവുമായി ബന്ധമുണ്ടായി. അങ്ങനെ പോഷകസമൃദ്ധമായ ഭക്ഷണം മഖുനിക്കിലേക്ക് എത്തിത്തുടങ്ങി. ക്രമേണ ഇവിടുത്തെ ആളുകൾക്ക് ഉയരം വച്ചു തുടങ്ങി. അതോടെ മണ്ണിൽതീർത്ത അവരുടെ കുഞ്ഞുവീടുകളിൽ താമസം അസാധ്യമായി മാറി. പുതിയ വീടുകൾ പണിയാൻ നിർബന്ധിതരായതോടെ ആളുകൾ അവരുടെ പഴയ വീടുകൾ ഉപേക്ഷിച്ച് കുറച്ചുകൂടി സൗകര്യമുള്ള സ്ഥലങ്ങൾ തേടിപ്പുറപ്പെട്ടു. അതോടെ മഖുനിക്കിലെ പുരാതന നഗരം അവിടെ അവശേഷിച്ചു. ഇപ്പോൾ ഈ കുള്ളൻ വീടുകളിലൊന്നും ആരും താമസിക്കുന്നില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന സഞ്ചാരികൾക്ക് അത്ഭുത കാഴ്ചകൾ സമ്മാനിച്ചുകൊണ്ട് അവയങ്ങനെ നിൽക്കുന്നു.

## പൈപ്പിനുള്ളിൽ ഒരു വീട്




വെള്ളം വരുന്ന പൈപ്പിനുള്ളിൽ ഒരു വീട്-കഥയല്ല കാര്യമാണ് പറയുന്നത്. നമ്മുടെ നാട്ടിലൊന്നുമല്ല അങ്ങ് ഹോംങ്കോങിലാണ് സംഭവം.

ജയിംസ് ലോ എന്ന ആർക്കിടെക്റ്റാണ് ഈ പൈപ്പ് വീടുകളുടെ ശിൽപ്പി. സ്ഥലമില്ലായ്മ മൂലം പരുങ്ങലിലായ നഗരമാണ് ഹോംങ്കോങ്. ഇവിടെ വീടുകളിൽ വെള്ളമെത്തിക്കുന്നത് വലിയ കോൺക്രീറ്റ് പൈപ്പുകളിലൂടെയാണ്. ഉപയോഗശൂന്യമായി കിടക്കുന്ന ഇത്തരം കോൺക്രീറ്റ് പൈപ്പിനുള്ളിലാണ് ജയിംസ് ലോ ചെറിയ വീടുകൾ നിർമിച്ചിരിക്കുന്നത്. സാധാരണക്കാർക്ക് താങ്ങാനാവാത്ത ഇവിടുത്തെ പാർപ്പിട വാടക ഇത്തരം പൈപ്പു വീടുകൾ വരുന്നതോടെ കുറയുമെന്നാണ് കരുതുന്നത്.

## സൂര്യൻ ഉദിക്കാത്ത ദേശം



റഷ്യയുടെ തലസ്ഥാനമായ മോസ്കോയിൽനിന്ന് 1800 കിലോമീറ്റർ വടക്കായി സ്ഥിതിചെയ്യുന്ന പട്ടണമാണ് മുർമാൻസ്ക്. കിഴക്കു സൂര്യനുദിക്കും എന്ന ഉറപ്പോടെയാണ് നമ്മുടെ ഓരോ ദിവസവും തുടങ്ങുന്നതെങ്കിൽ മുർമാൻസ്കാർക്ക് ഈ ഉറപ്പില്ല. 40 ദിവസത്തെ ഇടവേളയ്ക്കു ശേഷമാണ് കഴിഞ്ഞദിവസം ഇവിടെ സൂര്യൻ ഉദിച്ചത്. ആഴ്ചകൾക്കുശേഷം തങ്ങളെ സന്ദർശിക്കാൻ വന്ന ഈ അതിഥിയെ കാണാൻ നഗരവാസികളെല്ലാം സണ്ണി ഹിൽ എന്ന മലയിൽ ഒത്തുകൂടി.

പാട്ടുപാടിയും നൃത്തം ചവിട്ടിയുമൊക്കെയാണ് അവർ 2018ലെ ആദ്യ സൂര്യോദയത്തെ വരവേറ്റത്. അരമണിക്കൂർ മുഖം കാണിച്ചതിനുശേഷം സൂര്യൻ മടങ്ങുകയും ചെയ്തു. ഭൂഗോളത്തിന്റെ ഏറ്റവും വടക്കുള്ള അക്ഷാംശ രേഖയിൽപ്പെടുന്ന സ്ഥലമാണ് ആർട്ടിക് സർക്കിൾ. മുർമാൻസ് ആർട്ടിക് സർക്കിളിൽപ്പെടുന്ന പ്രദേശമാണ്. മഞ്ഞുകാലങ്ങളിൽ ഇവിടെ സൂര്യൻ ചക്രവാളത്തിനും താഴെയായാണ് കാണപ്പെടുന്നത്. അതുകൊണ്ട് സൂര്യനെ ഈ പ്രദേശത്തുനിന്ന് നോക്കിയാൽ കാണാൻ കഴിയാറില്ല. സൂര്യനില്ലാത്തതുകൊണ്ട് ഇവിടെ പൂർണമായും ഇരുട്ടൊന്നുമല്ല. പകൽ മുഴുവൻ അസ്തമയ സമയത്തേതുപോലുള്ള പ്രകാശം ദൃശ്യമായിരിക്കും.

## ശുദ്ധവായുവുമായി ചൈന

വായു മലിനീകരണത്തിന്റെ പ്രശ്നങ്ങൾ ലോകത്ത് ഏറ്റവുമധികം നേരിടുന്ന രാജ്യങ്ങളിലൊന്നാണ് ചൈന. കഴിഞ്ഞ മാസങ്ങളിൽ ഡൽഹിയിൽ കാണപ്പെട്ട പുക ചൈനയിലെ പ്രമുഖ നഗരങ്ങളിലെ സ്ഥിരം കാഴ്ചയാണ്. ഇപ്പോൾ ഈ വായു




മലിനീകരണത്തെ നേരിടാൻ പുതിയൊരു മാർഗവുമായെത്തിയിരിക്കുകയാണ് ചൈന. ലോകത്തിലെ ഏറ്റവും ഉയരമുള്ള വായു ശുദ്ധീകരണശാല ബെയ്ജിംഗിൽ നിർമിച്ചു കഴിഞ്ഞു. 330 അടിയാണ് ഈ വായുശുദ്ധീകരണശാലയുടെ ഉയരം. അന്തരീക്ഷത്തിലുള്ള വായു ശേഖരിച്ച് അവയിലുള്ള വിഷാംശങ്ങളെ നീക്കം ചെയ്ത് ശുദ്ധവായു പുറത്തേക്ക് വിടുകയാണ് ഇതിന്റെ ലക്ഷ്യം. മുമ്പും ചൈനയിൽ വായു ശുദ്ധീകരണശാലകൾ തുറന്നിരുന്നു. അവയുടെ വിജയമാണ് ഇപ്പോൾ ഇത്തരത്തിൽ ഒരു ഭീമൻ വായു ശുദ്ധീകരണശാല തുടങ്ങാനുള്ള പ്രേരകഘടകം.

## ഓടിയെത്തും സൂപ്പർ മാർക്കറ്റ്



സാധനം വാങ്ങാൻ കടയിൽ പോകാൻ സമയമില്ലാത്തവർക്ക് ഒരു സന്തോഷവാർത്ത. വീട്ടിലേക്ക് ആവശ്യമായ എല്ലാവിധ സാധനങ്ങളുമായി സൂപ്പർമാർക്കറ്റ് നിങ്ങളെത്തേടി വീട്ടിലെത്തുന്ന സമയം വിദൂരത്തല്ല. ഇനി വണ്ടി സ്വയം ഓടി വരുന്നതാണെങ്കിലോ? ഒരു ഡ്രൈവറുടെ സഹായമില്ലാതെ. അമേരിക്കയിലുള്ള ഒരു സ്റ്റാർട്ട്അപ്പ് ആയ ബൊഡ്ഡീഗയാണ് വീടുകളിൽ ഓടിയെത്തുന്ന ഈ ആളില്ലാ സൂപ്പർമാർക്കറ്റ് നിർമിച്ചിരിക്കുന്നത്. റോബോ മാർട്ട് എന്നാണ് ഇതിന്റെ പേര്. ഭക്ഷണസാധനങ്ങൾ ഉൾപ്പെടെ എല്ലാ വസ്തുക്കളും ഈ സൂപ്പർമാർക്കറ്റിൽ ലഭിക്കും. നേരത്തെ നൽകുന്ന ഓർഡറുകൾക്കനുസരിച്ചും സാധനങ്ങൾ വീട്ടിലെത്തിച്ചു നൽകും. സഞ്ചരിക്കുന്ന സൂപ്പർമാർക്കറ്റുകൾ ലോകത്തിന്റെ പലഭാഗങ്ങളിലും ഉണ്ടെങ്കിലും ഡ്രൈവറില്ലാതെ ഓടുന്ന ലോകത്തിലെ ആദ്യത്തെ സൂപ്പർമാർക്കറ്റ് റോബോമാർട്ടാണ്.

## അറിയാനും പറയാനും

ദൈവം സത്യമോ, മിഥ്യയോ? പ്രപഞ്ചം ദൈവം സൃഷ്ടിച്ചു എന്നതിന് എന്താണ് തെളിവ്? ഏകനായ ദൈവം എങ്ങനെയാണ് മൂന്നു ദൈവമാകുന്നത്? ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തെ ബാധിക്കുന്നതെങ്ങനെ? മരണാനന്തര ജീവിതത്തിന് എന്ത് സാധ്യത? എന്തു യുക്തി? ആധുനീക യുഗത്തിൽ ബൈബിളിന് എന്ത് ആധികാരികതയും പ്രസക്തിയുമാണുള്ളത്? യേശു ദൈവമാകുന്നതെങ്ങനെ? ഇങ്ങനെയുള്ള ബൈബിൾ വിമർശകരുടെ ചോദ്യങ്ങൾക്കുള്ള മറുപടി എന്തെന്ന് അറിയാനും പറയാനും ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.


ടൈറ്റസ് കാർത്തികപ്പള്ളി
കേരള - 690516

✆ 9847232598
vedabhimani@gmail.com



| ചെയർമാൻ | ഡിറക്ടർ | വേദാഭിമാനി | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
| --- | --- | --- | --- | --- | --- |
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ – Rs.150 മറ്റ് രാജ്യങ്ങൾ – Rs.2000 | വേദാഭിമാനി, കേരള 690516 |

# അത്ഭുതാവഹമായ മാറ്റം

മൈക്രോസോഫ്റ്റിന്റെ ബിൽഗേറ്റ്സിനെപ്പോലെ കംപ്യൂട്ടർ രംഗത്ത് വിപ്ലവം സൃഷ്ടിച്ച പ്രതിഭാശാലിയായിരുന്നു സ്റ്റീവ് ജോബ്സ് (1955–2011). കംപ്യൂട്ടർ പ്രതിഭയായിരുന്ന സ്റ്റീവ് വോസ്നിയാക്കിനോടൊപ്പം ആപ്പിൾ കംപ്യൂട്ടർ കമ്പനി സ്ഥാപിച്ചത് അദ്ദേഹമായിരുന്നു.

വലിയ ആവേശത്തോടുകൂടിയാണ് അവർ കമ്പനി തുടങ്ങിയത്. തങ്ങളുടെ കംപ്യൂട്ടർ ആളുകൾ രണ്ടു കൈയും നീട്ടി സ്വീകരിക്കുമെന്നാണ് അവർ കരുതിയത്. എന്നാൽ, മാർക്കറ്റിംഗിൽ അവർക്കു പരിചയമില്ലായിരുന്നു. തന്മൂലം, കംപ്യൂട്ടർ വില്പനയിൽ വലിയ ചലനം സൃഷ്ടിക്കുവാൻ ആദ്യം അവർക്കു സാധിച്ചില്ല.



അപ്പോഴാണു തങ്ങളുടെ കമ്പനിയുടെ വിജയത്തിനു സമർത്ഥനായ ഒരു മാനേജ്മെന്റ് വിദഗ്ധനെ വേണമെന്ന് അവർക്കു തോന്നിയത്. ജോബ്സ് അന്വേഷിച്ചപ്പോൾ പെപ്സി കോള കമ്പനിയുടെ പ്രസിഡന്റായിരുന്ന ജോൺ സ്കളി തന്റെ കമ്പനിക്കു പറ്റിയ ആളായിരിക്കുമെന്നു തോന്നി. കൊക്കകോള കമ്പനിയുമായി മത്സരിച്ചു പെപ്സി കോളയെ നല്ല നിലയിലെത്തിച്ചതു സ്കളി ആയിരുന്നു.

ആപ്പിൾ കംപ്യൂട്ടർ കമ്പനിയുടെ ചുമതല ഏറ്റെടുക്കാൻ ജോബ്സ് സ്കളിയോട് അഭ്യർത്ഥിച്ചപ്പോൾ അതു തമാശയായിട്ടാണു സ്കളിക്കു തോന്നിയത്. മാർക്കറ്റിൽ അല്പംപോലും ചലനം സൃഷ്ടിക്കുവാൻ സാധിക്കാത്ത ആപ്പിൾ കംപ്യൂട്ടർ കമ്പനിയിൽ ചേരുന്നതിനെക്കുറിച്ച് അദ്ദേഹത്തിന് അപ്പോൾ ചിന്തിക്കുവാൻപോലും സാധിച്ചില്ല.

എന്നാൽ, സ്കളിയെത്തന്നെ തന്റെ കമ്പനിയിൽ വേണമെന്നായിരുന്നു ജോബ്സിന്റെ ആഗ്രഹം. തന്മൂലം, അദ്ദേഹം വീണ്ടും സ്കളിയെ സമീപിച്ചു. അപ്പോഴും ജോബ്സിന്റെ അഭ്യർത്ഥന മാനിക്കുവാൻ സ്കളി തയാറായില്ല.

ജോബ്സ് ഒരിക്കൽകൂടി സ്കളിയെ സമീപിച്ചു തന്റെ കമ്പനിയെക്കുറിച്ചുള്ള വിശദവിവരങ്ങൾ നൽകി. അതുപോലെ, തന്റെ കമ്പനി ഭാവിയിൽ ചെയ്യുവാൻ പോകുന്ന കാര്യങ്ങളും ജോബ്സ് വിവരിച്ചു. അതിനുശേഷം ജോബ്സ് സ്കളിയോടു ചോദിച്ചു. ജീവിതത്തിന്റെ ശിഷ്ടകാലം മുഴുവൻ പഞ്ചസാരവെള്ളം വിറ്റുകൊണ്ടിരിക്കുന്ന ഒരു ജോലി നിങ്ങൾക്കു മതിയോ അതോ ലോകത്തെത്തന്നെ മാറ്റിമറിക്കാൻ സാധിക്കുന്ന ഒരു അവസരം നിങ്ങൾക്കു വേണോ?

അല്പം ചിന്തിച്ചപ്പോൾ ജോബ്സ് പറയുന്നതിൽ കാര്യമുണ്ടെന്നു സ്കളിക്കു തോന്നി. അങ്ങനെയാണു ബഹുരാഷ്ട്ര കമ്പനിയായ പെപ്സികോളയിൽ നിന്നു രാജിവച്ചു ചെറിയൊരു കമ്പനിയായ ആപ്പിളിൽ സ്കളി ചേർന്നത്.

ജോബ്സ് സ്കളിയോടു പറഞ്ഞതുപോലെ ആപ്പിൾ കമ്പനിവഴി ലോകത്തെ മാറ്റിമറിക്കുവാൻ അവർക്കു സാധിച്ചു. ആപ്പിൾ ഇന്നു ലോകത്തിലെ ഏറ്റവും വലിയ ഇൻഫർമേഷൻ ടെക്നോളജി കമ്പനിയാണ്.

മാനേജ്മെന്റ് രംഗത്ത് പ്രവർത്തിക്കുന്നവർ സ്വപ്നം കാണുന്ന ഒരു ജോലിയാണ് പെപ്സി കോളയുടെ പ്രസിഡന്റ് പദം. ഈ കമ്പനിയുടെ പ്രസിഡന്റ് പദം ഉപേക്ഷിച്ചായിരുന്നു സ്കളി ആപ്പിളിൽ ചേർന്നത്. എന്തിനുവേണ്ടി? ലോകത്തെ മാറ്റിമറിക്കുവാൻ ലഭിച്ച ഒരു അവസരം ഉപയോഗിക്കുവാൻ വേണ്ടി.

സ്കളിയ്ക്ക് ലഭിച്ചതുപോലെ ലോകത്തെ മാറ്റിമറിയ്ക്കുവാൻ സാധിക്കുന്ന ജോലിയല്ല, "അവസരം" ലഭിച്ചവരാണ് ക്രിസ്ത്യാനികൾ. മനുഷ്യന്റെ അടിസ്ഥാന പ്രശ്നപരിഹാരത്തിലൂടെ മനുഷ്യനെ രക്ഷിപ്പാൻ കഴിയുന്ന, മൃഗീയമനുഷ്യനെ വിശുദ്ധനാക്കി തീർക്കാൻ കഴിയുന്ന മാർഗ്ഗമാണ് ക്രിസ്തുമാർഗ്ഗം. തലതിരിഞ്ഞ ലോകത്തെ കീഴ്മേൽ മറിക്കുവാൻ കെൽപ്പുള്ള ആശയത്തിന്റെ വക്താക്കളാണ് ക്രിസ്ത്യാനികൾ. അത് തക്കത്തിൽ പ്രയോജനപ്പെടുത്തുക എന്നുള്ളതാണ് ഓരോ ക്രിസ്ത്യാനിയുടെയും ദൗത്യം. അതുകൊണ്ട് ലഭിച്ച അവസരം പ്രയോജനപ്പെടുത്തുമെങ്കിൽ സുവിശേഷം ലോകത്തെ മാറ്റിമറിക്കും. അതിന് ഓരോ ക്രിസ്ത്യാനിയും തന്നെതന്നെ ദൈവസന്നിധിയിൽ സമർപ്പിക്കേണ്ടിയിരിക്കുന്നു.

# ദൈവനിയോഗവും നമ്മുടെ ദൗത്യവും



പഴയനിയമ പുസ്തകത്തിൽ അത്ര പ്രബലനല്ലാത്ത ഒരു കഥാപാത്രമാണ് ബെസലേൽ (പുറ. 31:2–5). സമാഗമനകൂടാരത്തിൽ മരത്തിലും സ്വർണ്ണത്തിലുമൊക്കെ കൊത്തുപണി ചെയ്യുക എന്നതായിരുന്നു അവന്റെ ദൗത്യം. സർവശക്തനായ ദൈവം ബെസലേലിനോട് സംസാരിച്ച ആ ദിവസം അവിസ്മരണീയമാണ്. ദൈവം ഇങ്ങനെ പറഞ്ഞുകാണും: ബെസലേലെ, ഈ പ്രത്യേക ജോലി എനിക്കുവേണ്ടി ചെയ്യുന്നതിനായി നിന്നെ എനിക്ക് ആവശ്യമുണ്ട്.

ബെസലേലിന്, തന്റെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ രൂപരേഖ എന്ത് എന്നുള്ളതിന് യാതൊരു സംശയവും ഉണ്ടായിരിക്കാനിടയില്ല. ഇസ്രായേല്യരുടെ നേതാവായി വിളിക്കപ്പെട്ട മോശെയെപ്പോലെ വലിയൊരു ദൗത്യത്തിനായല്ല തീർച്ചയായും ബെസലേൽ വിളക്കപ്പെട്ടത്. എന്നാൽ ബെസലേലിനെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ വിളി വളരെ പ്രധാനപ്പെട്ടതാണ്, അവൻ അത് ഒട്ടും കുറഞ്ഞതായി കാണുന്നില്ല.

സമാഗമന കൂടാരത്തിന്റെ പണികൾ ഓരോ ദിവസവും ചെയ്തുകൊണ്ടിരിക്കുമ്പോൾ ദൈവമാണ് തന്നെ ഇതിന് വിളിച്ചാക്കിയിരിക്കുന്നതെന്നുള്ള അറിവ്, ബോധ്യം അവന് എത്രമാത്രം ധൈര്യവും ആത്മവിശ്വാസവും നൽകിക്കാണും. സാധാരണക്കാരായ മറ്റാർക്കും, മോശെക്കു പോലും ഈ ജോലിയിൽ പ്രത്യേകിച്ചൊന്നും ചെയ്യാനില്ലായിരുന്നു. ഈ യാഥാർത്ഥ്യം സമാഗമന കൂടാരത്തിന്റെ ഏറ്റവും ഒടുവിലത്തെ പണിതീരുന്നതുവരെയും ഉത്സാഹത്തോടെ ഓരോന്നും ചെയ്യുവാനുള്ള ധൈര്യവും സന്തോഷവും അവന് നൽകിയിരിക്കണം.

വിശുദ്ധ ബൈബിളിൽ പേരിൽ കൂടുതലായി വളരെയൊന്നും രേഖപ്പെടുത്താത്ത ധാരാളം ഭക്തന്മാരുണ്ട്, വലിയ കാര്യങ്ങൾ ചെയ്ത ചെറിയ മനുഷ്യർ. ചിലരുടെ പേരുപോലും പരാമർശിച്ചിട്ടില്ല. സ്നേഹത്തിന്റെ തികവും ദൈവനിയോഗത്തിന്റെ ബോധ്യവും ഉണ്ടെങ്കിൽ ഏതു ചെറിയ കാര്യവും ദൈവത്തിനുവേണ്ടി സന്തോഷത്തോടെ ചെയ്യുവാൻ കഴിയും.

ബി.സി. 444ൽ നെഹെമ്യാവ് തന്റെ വലിയ ഉത്തരവാദിത്വം നിറവേറ്റുന്നതിന് ഒരു കൂട്ടം ആളുകളെ വിളിച്ചുകൂട്ടുന്നു. നെഹമ്യാവ് യെരുശലേമിൽ ചെന്നപ്പോൾ കണ്ട കാഴ്ച ദയനീയമായിരുന്നു. എല്ലാം ഇടിഞ്ഞു തകർന്നു കിടക്കുകയാണ്. വരിക നാം ഒന്നിച്ച് എഴുന്നേറ്റു പണിയുക. ഇത് നമ്മുടെ ആവശ്യമാണെന്നു പറഞ്ഞ് അവരെ ഉത്തേജിപ്പിക്കുകയാണ് നെഹമ്യാവ് ചെയ്യുന്നത്. ജഡിക ചിന്തകളാൽ, നാനാവിധമായ ഭിന്നതകളാൽ തർക്കപ്പെട്ട അവസ്ഥയിൽ നിന്ന് ഒരു ഉദ്ധാരണം നമുക്കാവശ്യമാണ്. ദൈവരാജ്യ കെട്ടുപണികളിൽ ഒന്നിച്ച് എഴുന്നേറ്റ് പണിയേണ്ട സമയമാണിത്.

# നമ്മുടെ ഭയവും ദൈവത്തിന്റെ ശക്തിയും



രണ്ടാം ലോകമഹായുദ്ധകാലം. അഡോൾഫ് ഹിറ്റ്ലർ രാജ്യങ്ങളെ പിടിച്ചടുക്കുവാൻ ആക്രമണം അഴിച്ചുവിട്ടുകൊണ്ടിരിക്കുന്ന കാലം. ഓരോ രാജ്യവും ഭയപ്പാടിൽ കഴിയുന്നു. ബ്രിട്ടന്റെ ഏറ്റവും വലിയ ആപൽഘട്ടത്തിലാണ് പുതിയ പ്രധാനമന്ത്രിയായി വിൻസ്റ്റൻ ചർച്ചിൽ അധികാരം ഏറ്റെടുത്തത്. ബ്രിട്ടനിലെ എല്ലാ കുടുംബങ്ങളിലും എല്ലാ തെരുവുകളിലും ആളുകൾ, വെള്ളത്തിൽ ചാടിയ എലികളെപ്പോലെ കഴിയുകയാണ്. അധികാരം ഏറ്റെടുത്ത വിൻസ്റ്റൻ ചർച്ചിൽ ഇംഗ്ലീഷ് ജനതയോടു ഐതിഹാസികമായ ഒരു പ്രസംഗം നടത്തി. കണ്ണീരും വിയർപ്പും കഷ്ടപ്പാടും രക്തം ചിന്തലുമല്ലാതെ ഒന്നുംതന്നെ നിങ്ങളോടു വാഗ്ദാനം ചെയ്യുവാൻ എനിക്കില്ല. എന്തു വിലകൊടുത്തായാലും നാം യുദ്ധം ജയിച്ചേ മതിയാകൂ. എത്രനാൾ യുദ്ധം ചെയ്താലും എത്ര നഷ്ടം സഹിക്കേണ്ടി വന്നാലും ജയിക്കാതെ നമുക്കിനി ജീവിതം ഇല്ല. നാം ഒരിക്കലും വെള്ളക്കൊടി കാണിക്കുകയില്ല. അദ്ദേഹം പിന്നെയും പറഞ്ഞു: ലണ്ടൻ നഗരം നശിച്ച് ചാരക്കൂമ്പാരമായാലും മറ്റുള്ളവരുടെ അടിമകളായിത്തീരുന്നതിലും മാന്യതയുള്ളതാണ്. ഈ പോരാട്ടത്തിൽ ദുഃഖവും മരണവും നമ്മുടെ സഹപാഠികളും, കഷ്ടത നമ്മുടെ വസ്ത്രവും, ഉറപ്പും ധൈര്യവും നമ്മുടെ പരിചയും ആയിരിക്കും. വരിക, നമുക്ക് ഒറ്റക്കെട്ടായി നിൽക്കാം. പിന്മാറാതെ, കുലുങ്ങാതെ ധീരമായി പൊരുതാം. ഇംഗ്ലണ്ടിൽ, എലികളെപ്പോലെ പേടിച്ചരണ്ടു മാളത്തിൽ കഴിഞ്ഞ ജനങ്ങളുടെ ഹൃദയത്തിൽ ഈ വാക്കുകൾ ആവേശത്തിന്റെ തീപ്പന്തം കൊളുത്തി. ആശയുടെ, ധൈര്യത്തിന്റെ, ഉറപ്പിന്റെ ഉത്തേജനം അവർക്കു ലഭിച്ചു. ഒടുവിൽ അവർ യുദ്ധം ജയിച്ചു.

സുവിശേഷത്തേയും സുവിശേഷകരേയും ഇല്ലാതാക്കാനുള്ള ശ്രമമാണ് സുവിശേഷ വിരോധികൾ നടത്തിക്കൊണ്ടിരിക്കുന്നത്. അക്രമ പ്രവർത്തനങ്ങളിലൂടെയും ഭീഷണികളിലൂടെയും സുവിശേഷകരെ ഭയപ്പെടുത്തി നിശബ്ദരാക്കാമെന്നാണ് അവർ കരുതുന്നത്. യേശുവിന്റെ നാമത്തിൽ ഇനി സംസാരിക്കരുതെന്ന് വിലക്കുവന്നപ്പോൾ പത്രോസും യോഹന്നാനും ഭയപ്പെട്ട് ഒളിച്ചിരിക്കുകയല്ല, സുവിശേഷം ധൈര്യത്തോടെ പ്രസ്താവിക്കുകയത്രേ ചെയ്തത് (അ.പ്ര. 4:24–32). യെരുശലേമിലെ സഭയ്ക്ക് വലിയ ഉപദ്രവം നേരിട്ടു (അ.പ്ര. 8:1). പക്ഷെ അത് സുവിശേഷത്തിന്റെ വ്യാപ്തിയ്ക്ക് കാരണമായി എന്നു കാണുന്നു. സഭയിൽ ചിലരെ പീഡിപ്പിച്ചു (അ.പ്ര. 12:1). യാക്കോബിനെ വാൾകൊണ്ടു കൊന്നു. പത്രോസിനെ കൊല്ലുവാൻ തടവിൽ ആക്കി. എന്നാൽ സഭ ശ്രദ്ധയോടെ പ്രാർത്ഥിച്ചപ്പോൾ ദൈവം അവർക്കുവേണ്ടി പ്രവർത്തിച്ചു. സുവിശേഷം നാനാദിക്കിലേക്കും വ്യാപിച്ചു. ഇവിടെ നമുക്ക് പരിശുദ്ധാത്മാവിന്റെ മഹാശക്തിയാണാവശ്യം. അതിനായി ഒരുമനപ്പെട്ട് ദൈവത്തോടു നിലവിളിക്കുക, പ്രാർത്ഥിക്കുക, ദൈവം പ്രവർത്തിക്കും, ആർ തടയും. ദൈവം തുറക്കും ആർക്ക് അടയ്ക്കുവാൻ കഴിയും (വെളി. 3:7,8). പാതാളശക്തികൾക്കുമേൽ നാം ജയം നേടുകതന്നെ ചെയ്യും.



# ബാലവേദി

## വിലപിടിച്ച നിധി



**ഒ**രിടത്ത് ചിത്രകൻ എന്നൊരു മരം വെട്ടുകാരനുണ്ടായിരുന്നു. ദിവസവും കാട്ടിൽ മരം വെട്ടാൻ പോകുന്ന ചിത്രകനെ അവിടെ തപസ്സു ചെയ്തുകൊണ്ടിരുന്ന ഒരു സന്ന്യാസി ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഒരു നാൾ സന്ന്യാസി ചിത്രകനോടുപറഞ്ഞു: "നീ കുറച്ചുകൂടി കാടിന്റെ ഉള്ളിലേക്ക് പോകൂ. കാടിന്റെ ഉള്ളിൽ ഒരു ചെമ്പു ഖനിയുണ്ട്. ചെമ്പു വിറ്റാൽ നല്ല കാശു കിട്ടും."

ഉൾക്കാട്ടിലെത്തിയ ചിത്രകൻ ചെമ്പുഖനി കണ്ടുപിടിച്ചു. അയാൾ സന്ന്യാസിയോടു നന്ദി പറഞ്ഞു. അപ്പോൾ സന്ന്യാസി പറഞ്ഞു: "ഇതിലിത്ര നന്ദി പറയാനെന്തിരിക്കുന്നു? ഇതിലും വലിയ നിധി കാട്ടിലുണ്ട്. കുറേക്കൂടി അകത്തേക്കു ചെന്നാൽ വലിയൊരു സ്വർണഖനി കാണാം!"

ചിത്രകൻ ആ സ്വർണഖനിയും കണ്ടുപിടിച്ചു. സന്തോഷംകൊണ്ട് തുള്ളിച്ചാടി അയാൾ വീണ്ടും സന്ന്യാസിയുടെ അടുത്തെത്തി. സന്ന്യാസി പുഞ്ചിരിച്ചു: "കൊള്ളാം! ആ രത്നഖനി കണ്ടാൽ നീ എത്രമാത്രം സന്തോഷിക്കും?"

"രത്നഖനിയോ," ചിത്രകൻ സന്ന്യാസിയോട് അതും ചോദിച്ചു മനസ്സിലാക്കി. എന്നിട്ട് അയാൾ രത്നഖനിയും കണ്ടുപിടിച്ചു. അവിടെനിന്ന് കുറേ രത്നങ്ങൾ കൈയിലെടുത്ത് അയാൾ തിരിച്ചെത്തി. "എനിക്ക് ജീവിതകാലം മുഴുവൻ കഴിഞ്ഞുകൂടാൻ ഇതുമതി."

രത്നങ്ങൾ തുണിയിൽ പൊതിഞ്ഞ് അയാൾ മുന്നോട്ടുനടന്നു. അല്പം നടന്ന് തിരിഞ്ഞുനിന്ന് സന്ന്യാസിയോടു ചോദിച്ചു: "അങ്ങേക്ക് ഇതിലും വലിയ ഖനികൾ അറിയാമോ?"

"അറിയാം," സന്ന്യാസി പറഞ്ഞു.

"എനിക്ക് കാണിച്ചു തരാമോ?" ചിത്രകൻ ആകാംക്ഷയോടെ ചോദിച്ചു.

"അത് ഇവിടെത്തന്നെയാണ്. അതുകൊണ്ടല്ലേ ഞാനിവിടെ ധ്യാനിച്ചുകൊണ്ടിരിക്കുന്നത്!", സന്ന്യാസി പറഞ്ഞു. ചിത്രകൻ കണ്ണുമടച്ച് സന്ന്യാസിയുടെ അടുത്തിരുന്നു. അയാൾ അറിയാതെ ധ്യാനത്തിലേക്കുവീണു. കുറേനേരം കഴിഞ്ഞപ്പോൾ സന്ന്യാസി ചോദിച്ചു: "ഇനിയും ഖനികൾ തേടി പോകണോ?"

അപ്പോൾ ചിത്രകൻ പറഞ്ഞു: "എനിക്കു മനസ്സിലായി. ഏറ്റവും വിലപിടിച്ച ഖനി നമ്മുടെ ഉള്ളിൽത്തന്നെയാണ്. ഇപ്പോ എനിക്ക് എന്തൊരു സമാധാനവും സന്തോഷവുമാണ്! ഖനി തേടി ഓടിയപ്പോൾ എനിക്ക് എന്തൊരു വെപ്രാളമായിരുന്നു. പണത്തോടുള്ള ആർത്തിമൂത്താൽ ഒരിക്കലും സന്തോഷം ഉണ്ടാകില്ലെന്ന് എനിക്ക് മനസ്സിലായി!"

## ആറാം വയസിൽ കോടിപതി

**കു**ഞ്ഞുങ്ങൾ കോടിപതികളായി എന്നു കേൾക്കുമ്പോൾ രണ്ടു കാര്യങ്ങളാണ് നമ്മൾ വിചാരിക്കുക. ഒന്നുകിൽ ആ കുഞ്ഞൊരു സമ്പന്ന കുടുംബത്തിലെ അംഗമായിരിക്കും അല്ലെങ്കിൽ ആ കുഞ്ഞൊരു സെലിബ്രിറ്റിയായിരിക്കും. എന്നാൽ ഇതൊന്നുമല്ലാതിരുന്നിട്ടും കോടിപതിയായ കുട്ടിയാണ് റയൻ.

സ്വന്തം യു ട്യൂബ് ചാനലിൽ സ്വന്തം വീഡിയോകൾ അപ്‌ലോഡ് ചെയ്ത് ലക്ഷക്കണക്കിന് ആസ്വാദകരെ നേടിയാണ് റയൻ കോടിപതിയായത്. പുതിയതായി കിട്ടുന്ന കളിപ്പാട്ടങ്ങൾകൊണ്ടുള്ള കളികളാണ് യൂ ട്യൂബിൽ വൻ ഹിറ്റുകളായി മാറിയത്. വെറും കളി മാത്രമല്ല കളിപ്പാട്ടങ്ങളെക്കുറിച്ച് ആധികാരികമായി സംസാരിക്കാനും റയന് സാധിക്കും. മൂന്നാം വയസിൽ തുടങ്ങിയ റയന്റെ യൂ ട്യൂബ് ചാനലിന് ലക്ഷക്കണക്കിന് ആസ്വാദകരുണ്ട്. റയന്റെ കളികൾ യൂ ട്യൂബ് കാണുന്ന കുട്ടികൾക്ക് ഇഷ്ടമായതോടെ ചാനൽ വഴി റയന് വരുമാനം ലഭിച്ചുതുടങ്ങി. യൂറോപ്പിലെയും അമേരിക്കയിലേയുമൊക്കെ കുട്ടികൾക്കിടയിൽ താരമാണ് റയൻ. കുട്ടികൾ പുതിയൊരു കളിപ്പാട്ടം വാങ്ങുന്നതിനുമുമ്പ് റയന്റെ ചാനലിൽ കയറി ആ കളിപ്പാട്ടവുമായി ബന്ധപ്പെട്ട വീഡിയോ ഉണ്ടോയെന്ന് പരിശോധിക്കും. റയൻ ആ കളിപ്പാട്ടത്തെക്കുറിച്ച് നല്ല അഭിപ്രായമാണ് പറയുന്നതെങ്കിൽ പിന്നെ സംശയിക്കേണ്ട, ധൈര്യമായി ആ കളിപ്പാട്ടം വാങ്ങാം.



## എന്തെഴുതിയാലും...




**ഒ**രിക്കൽ ലൂയിസ് കരോൾ തന്റെ രചനയായ ആലീസ് ഇൻ വണ്ടർലാൻഡ് എന്ന പുസ്തകം എലിസബത്ത് രാജ്ഞിക്ക് അയച്ചുകൊടുത്തു. നോവൽ വായിച്ച് ഇഷ്ടപ്പെട്ട രാജ്ഞി ലൂയിസ് കരോളിനെഴുതി. "താങ്കൾ എന്തെഴുതിയാലും എനിക്കൊരു കോപ്പി അയച്ചു തരിക."

വൈകാതെ രാജ്ഞിക്ക് മറ്റൊരു പുസ്തകം കിട്ടി. അത് കടിച്ചാൽ പൊട്ടാത്ത ഒരു ഗണിതശാസ്ത്ര ഗ്രന്ഥമായിരുന്നു. ആലീസിന്റെ അത്ഭുതലോകം എന്ന മനോഹരമായ നോവൽ എഴുതിയ ലൂയിസ് കരോൾ, ലുട്‌വിജ് ഡോഡ് ജെസൺ എന്ന ഗണിതശാസ്ത്രജ്ഞൻ ആയിരുന്നെന്ന് അപ്പോഴാണ് രാജ്ഞിക്ക് മനസ്സിലായത്.

## ഗുണനപ്പട്ടികയുടെ രാജകുമാരൻ



**ക**ണക്ക് മിക്ക വിദ്യാർഥികളുടെയും പേടിസ്വപ്നമായ വിഷയമാണ്. പ്രത്യേകിച്ച് ഗുണനപ്പട്ടിക പഠിത്തമൊക്കെ വളരെ വിഷമം പിടിച്ച കാര്യമാണ്. എന്നാൽ, ഉത്തർപ്രദേശുകാരനായ ചിരാഗ് എന്ന പയ്യന്റെ കാര്യം അല്പം വ്യത്യസ്തമാണ്. 12 വയസുള്ള ഈ മിടുക്കന് 200 കോടി വരെയുള്ള സംഖ്യകളുടെ ഗുണനപ്പട്ടിക മനഃപാഠമാണ്. യാതൊരു തപ്പലോ തടസമോ ഇല്ലാതെയുള്ള ഇവന്റെ ഗുണനപ്പട്ടിക ചൊല്ലൽ കേട്ടാൽ ആരും ചോദിച്ചുപോകും -ഈ പയ്യന്റെ തലയിലെന്താ, കംപ്യൂട്ടറാണോ?

ഉത്തർപ്രദേശിലെ സഹരൺപുരിനടുത്തുള്ള ഗ്രാമത്തിലാണ് ചിരാഗിന്റെ വീട്. കണക്കുമായി ബന്ധപ്പെട്ട നിരവധി മത്സരങ്ങളിൽ വിജയിയാണ് ഇവൻ.



## പഞ്ചുള്ള പ്രയോഗവും ഞെട്ടിപ്പിക്കുന്ന കഥയും

മിണ്ടാട്ടം മുട്ടുന്ന അവസ്ഥയെ സൂചിപ്പിക്കുന്നതാണ് Cat got your tongue എന്ന പ്രയോഗം. പുരാതന ഈജിപ്തിലെ പ്രാകൃതമായ ഒരു ശിക്ഷാരീതിയിൽ നിന്നാണ് ഈ പ്രയോഗം ഉണ്ടായത്. ഈജിപ്തിൽ കുറ്റവാളികളുടെയും രാജ്യദ്രോഹികളുടെയും നാവ് അരിഞ്ഞെടുത്ത് പൂച്ചകൾക്ക് കൊടുക്കുന്ന പതിവുണ്ടായിരുന്നു. കുറ്റാരോപിതരെ എക്കാലത്തേക്കും നിശബ്ദരാക്കുന്ന ഈ ശിക്ഷാരീതിയിൽ നിന്നാണ് ഇങ്ങനെയൊരു പ്രയോഗം ഉണ്ടായത്.

## BITE THE BULLET



**അ**ത്ര സന്തോഷകരമല്ലാത്തതും കുഴപ്പം പിടിച്ചതുമായ സാഹചര്യങ്ങളിലൂടെ കടന്നുപോവുക എന്നതാണ് ഈ പ്രയോഗത്തിന്റെ അർത്ഥം. ആശുപത്രികളിൽ ഓപ്പറേഷനു മുമ്പ് രോഗികൾക്ക് അനസ്തേഷ്യ നൽകുന്ന പതിവുണ്ടല്ലോ. എന്നാൽ അനസ്തേഷ്യ ഒന്നും ഇല്ലാതിരുന്ന കാലത്ത് യുദ്ധത്തിലും മറ്റും പരുക്കേറ്റ് ഓപ്പറേഷനു വിധേയരാകേണ്ടിവരുന്ന പട്ടാളക്കാർക്ക് ഓരോ വെടിയുണ്ടകൾ നൽകിയിരുന്നു. ശരീരം കീറിമുറിക്കുന്നതിന്റെ വേദനയെ മറികടക്കാൻ, അതുകഴിയും വരെയും അവർ വെടിയുണ്ട വായിൽ കടിച്ചുപിടിക്കണമായിരുന്നു. ഇതിൽ നിന്നുമാണ് Bite the Bullet എന്ന പ്രയോഗം ഉണ്ടായത്.




**അനുഗ്രഹിക്കപ്പെട്ട കുടുംബം**

....യഹോവാ ഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും (സങ്കീ.128:1–4)

കുടുംബം ദൈവത്തിന്റെ സൃഷ്ടിയാണ് (ഉല്പ. 1:27; 2:18–25; 5:1–2). ആദാമിന്റെ പങ്കാളിയായി ഹവ്വാ സൃഷ്ടിക്കപ്പെട്ടു. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുരുഷനും സ്ത്രീയ്ക്കും കൂട്ടുവേലക്കാരയി തോട്ടം കാക്കുവാനും, അതിൽ വേലചെയ്യുവാനും (ഉല്പ. 2:15) നിയോഗം ലഭിച്ചു. അതായത്, ഈ പ്രപഞ്ചത്തെ സംരക്ഷിക്കുവാനുള്ള കടപ്പാട് ദൈവം സൃഷ്ടിച്ച കുടുംബത്തിനുണ്ട്.


ജീവസന്ദേശം
ടി.എം. വർഗ്ഗീസ് ഓതറ

**പഴയനിയമത്തിൽ** മാതാപിതാക്കൾ, മക്കൾ, അടിമകൾ, ആശ്രിതർ, പിൻതലമുറക്കാർ എന്നിവർ ഉൾപ്പെട്ട സമൂഹത്തെയാണ് കുടുംബം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്.

പഴയനിയമത്തിൽ ബയിത് എന്നത് ഭവന (വീട്)ത്തെയും മിഷ്പാഹാ കുലത്തെയും കുറിക്കുന്നു.

**എബ്രായ കുടുംബത്തിലെ അംഗങ്ങൾ** കുടുംബത്തിൽ മാതാപിതാക്കളും മക്കളും അവരുടെ ഭാര്യമാരും മക്കളും മാത്രമല്ല, അടിമകളും വിധവകളും അനാഥരും വേലക്കാരും വെപ്പാട്ടികളും അവരുടെ മക്കളും ഉണ്ടായിരുന്നു (ഉല്പ. 7:1–7; 46:5–7). പെസഹാ ആചരിക്കുന്നതും ആരാധിക്കുവാൻ പോകുന്നതും കുടുംബാംഗങ്ങൾ ഒന്നിച്ചായിരുന്നു (പുറ. 12:8; 1 ശമു. 1:3)



പഴയനിയമത്തിൽ വ്യത്യസ്തമായ കുടുംബ സംവിധാനങ്ങൾ ഉണ്ടായിരുന്നു എന്നാണ് പണ്ഡിതാഭിപ്രായം.

**1. ഗോത്രാധിപത്യ സമ്പ്രദായം.** പിതാവിന്റെ നേതൃത്വത്തിലുള്ള കുടുംബസംവിധാനമായിരുന്നു സർവ്വപ്രധാനം. ഈ സംവിധാനത്തിൽ പിതാവിന് ഭാര്യയുടെയും മക്കളുടെയുംമേൽ ആധിപത്യമുണ്ട്.

**2. ജ്യേഷ്ഠ സഹോദരഭരണം.** കുടുംബത്തിലെ ജ്യേഷ്ഠ സഹോദരൻ നേതൃത്വവും അധികാരവും ചുമതലയും ഏറ്റെടുക്കുന്ന രീതിയാണിത്. ഇതിന്റെ വെളിച്ചത്തിൽ വേണം യിസ്രായേലിൽ നിലനിന്ന ഭർത്തൃസഹോദര ധർമ്മത്തെ (Levirate) കാണാൻ. സഹോദരന്മാർ ഒരുമിച്ചു താമസിക്കുമ്പോൾ ഒരാൾ പുത്രനില്ലാതെ മരിച്ചു പോയാൽ മറ്റൊരു സഹോദരൻ സഹോദരവിധവയെ വിവാഹം കഴിച്ചു സന്താനോല്പാദനം നടത്തണം (ആവ. 25:5–10). യാക്കോബിന്റെ മക്കൾ തങ്ങളുടെ സഹോദരി ദീനയുടെ മാനഹാനിക്കു പ്രതികാരം ചെയ്യുന്നതും (ഉല്പ. 34), തന്റെ സഹോദരി റിബെക്കായുടെ വിവാഹം നടത്തുന്നതിനുവേണ്ടി ലാബാൻ ചെയ്യുന്ന കാര്യങ്ങളും (ഉല്പ.24) ഈ കുടുംബസംവിധാനത്തെയാണ് സൂചിപ്പിക്കുന്നത്.

ആചാരങ്ങളും കീഴ്‌വഴക്കങ്ങളും നിയമങ്ങളുമാണ് കുടുംബാംഗങ്ങളുടെ പദവിയും ധർമ്മവും നിശ്ചയിക്കുക. ഏറ്റവും പ്രധാനപ്പെട്ട സ്ഥാനം പിതാവിനും അതിനുതാഴെ മാതാവിനും മൂന്നാമതായി ആൺമക്കൾക്കും അവസാനമായി പെൺമക്കൾക്കും (വിവാഹം വരെ) ലഭിക്കുന്നു.

**പിതാവ്** (ആബ്) പിതാവിന്റെ സ്ഥാനം അതുല്യമാണ്. ഈ സ്ഥാനം വല്ല്യപ്പനോ വലിയ വല്ല്യപ്പനോ വഹിക്കാം. മകനെ ബലികഴിക്കാൻ പോലും അധികാരം ഉണ്ട് (ഉല്പ. 22). ദൈവവുമായുള്ള ബന്ധത്തിനു കുടുംബാംഗങ്ങൾ തടസ്സമായി നിന്നാൽ അവരെ നശിപ്പിക്കാനും അദ്ദേഹത്തിനു കഴിയും (ആവ. 13:6–10). പിതാവ് തനിക്കുവേണ്ടിയും മക്കൾക്കുവേണ്ടിയും അദ്ധ്വാനിക്കുക ആവശ്യമാണ് (സദൃ.13:22).

മക്കളെ വിജ്ഞാനത്തിലും ദൈവഭയത്തിലും വളർത്തി അവർക്കു ധാർമ്മികവും മതാത്മകവുമായ വിദ്യാഭ്യാസം നല്കുക പിതാവിന്റെ ചുമതലയാണ് (സദൃ. 22:6). പിതാവ് കുടുംബത്തിലുള്ള എല്ലാവരെയും ദാസന്മാരെയും അടിമകളെയും സ്നേഹിക്കുകയും അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യണം (ഇയ്യോ. 31:13–15).

**മാതാവ്** (ഏം). മാതാവ് കുടുംബാംഗങ്ങളെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു. പിതാവിനെപ്പോലെ തന്നെ മാതാവിനെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതു മക്കളുടെ കടമയായിരുന്നു (സദൃ. 1:8, 10:1). അതിനു നിയമങ്ങളും നിർമ്മിച്ചിരുന്നു (പുറ. 20:12; ലേവ്യ.19:3; ആവ. 22:5). അനാദരവും അനുസരണക്കേടും ശിക്ഷാർഹമായിരുന്നു (പുറ. 21:15–17; ലേവ്യ.20:9; ആവ.21:18).

മാതാവിന് ഉന്നതവും ശ്രേഷ്ഠവും ഉദാത്തവുമായ സ്ഥാനം ഉണ്ടായിരുന്നു. അവൾ ഭാര്യയായും അമ്മയായും പ്രവർത്തിച്ചുകൊണ്ട് കുടുംബത്തിനു സന്തോഷവും സംതൃപ്തിയും നൽകുന്നു (സദൃ. 31:10–31). എന്നാൽ സ്ത്രീയെപ്പറ്റി പ്രതികൂലമായി പറയുന്ന കാര്യങ്ങൾ ഉണ്ട്. കലഹിക്കുന്ന ഭാര്യ ഭർത്താവിനു അസഹ്യമായിരുന്നു (സദൃ.21:19; 27:15–16). ദൈവഭക്തയായ സ്ത്രീ കുടുംബത്തിന്റെ കെടാവിളക്കാണ്. ഇതൊക്കെയാണ് പഴയനിയമ പാരമ്പര്യത്തിൽ കാണുന്നത്.

അനുഗ്രഹിക്കപ്പെട്ട ഒരു കുടുംബജീവിതം നയിക്കണമെന്നാണ് കുടുംബസ്ഥരായ ഭർത്താവും ഭാര്യയും ആഗ്രഹിക്കുന്നത്. എന്നാൽ ഇന്ന് അനേകം കുടുംബങ്ങളിൽ തകർച്ച സംഭവിച്ച് കുടുംബജീവിതം നരകതുല്യമായിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്.

കുടുംബം ഒന്നാണ്. ഭാര്യയും ഭർത്താവും രണ്ടു വ്യക്തിത്വമെങ്കിലും തിരുവചന വെളിച്ചത്തിൽ അവർ ഒന്നാണ് (എഫെ. 5:31). ഭാര്യയും ഭർത്താവും അധ്വാനിച്ചുണ്ടാക്കുന്ന പണം ഒന്നായിരിക്കേണം. 'ഞാൻ', 'എന്റെ' എന്നുള്ള ഭാവം ഉണ്ടായാൽ അവിടെ തകർച്ചയ്ക്കുള്ള തുടക്കമായി.

ഒരു കുടുംബജീവിതം ധന്യമായിത്തീരണമെങ്കിൽ സൗമ്യതയും താഴ്മയും ഭർത്താവിനും ഭാര്യയ്ക്കും ഉണ്ടായിരിക്കേണ്ടതാണ്. സൗമ്യത ആർക്കാണ് ആവശ്യമെന്ന് ഭാര്യാഭർത്താക്കന്മാരോടു ചോദിച്ചാൽ ഭാര്യക്കാണ് വേണ്ടെതെന്നു ഭർത്താവും അല്ല ഭർത്താവിനാണ് വേണ്ടതെന്നു ഭാര്യയും പറയും. ഒരു ഭർത്താവിനു ഭാര്യയെ സൗമ്യവതിയാക്കുവാനും, ഒരു ഭാര്യയ്ക്ക് ഭർത്താവിനെ സൗമ്യവാനാക്കാനും കഴിയില്ല. കർത്താവ് പറഞ്ഞതുപോലെ കർത്താവിന്റെ നുകം ഏറ്റുകൊണ്ട് കർത്താവിൽ നിന്നും പഠിക്കുന്ന ഒരു വ്യക്തിക്കു മാത്രമേ കർത്താവിന്റെ സൗമ്യതയും താഴ്മയും ജീവിതത്തിൽ കൈവരുത്തുവാൻ കഴിയുകയുള്ളു.

സൗമ്യതയും താഴ്മയും എന്ന വിഷയത്തോടുള്ള ബന്ധത്തിൽ ഉദാഹരണത്തിനായി, നമ്മുടെ നാട്ടിൻ പ്രദേശങ്ങളിൽ വയലിൽ ഉഴുതുവാൻ ഉപയോഗിക്കുന്ന കാളകളെ ശ്രദ്ധിച്ചാൽ എത്ര ശാന്തവും, സൗമ്യതയും, അനുസരണവുമുള്ള കാളകളാണ് ഈ നുകത്തിൻ കീഴിൽ ജോലി ചെയ്യുന്നത് എന്ന് കാണുവാൻ കഴിയും. ഈ കാളകൾ നേരത്തേ ഇങ്ങനെ ആയിരുന്നുവോ എന്നു ചോദിച്ചാൽ ഉടയവൻ പറയും ഈ കാളകൾ ഒട്ടും കീഴ്പെടാത്ത, കുനിയാത്ത, അനുസരിക്കാതെ ഇടംകേടെടുക്കുന്ന കാളകളായിരുന്നു. എന്നാൽ ഇതിനെ മെരുക്കിയെടുക്കുന്ന പ്രക്രിയയിൽ കൂടി കടത്തിവിട്ടതുകൊണ്ടാണ് ഈ അവസ്ഥയിലായിത്തീർന്നത്. ഒരു നുകത്തിൻകീഴെ രണ്ടു കാളകളെപ്പോലെ ഭർത്താവും ഭാര്യയും വചനമെന്ന നുകത്തിൻ കീഴിലിരുന്നു പഠിച്ച് കർത്താവിന്റെ സൗമ്യതയും താഴ്മയും ജീവിതത്തിൽ പുലർത്തിയാൽ കുടുംബജീവിതം അനുഗ്രഹത്തിൽ നിന്നു അനുഗ്രഹത്തിലേക്കു ഉയർന്നുകൊണ്ടിരിക്കും. (തുടരും)

---




ഇരുട്ടിന്റെ പ്രവൃത്തികളെ പൂർണ്ണമായും ഉരിഞ്ഞു കളഞ്ഞെങ്കിൽ മാത്രമേ വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിക്കുവാൻ സാധിക്കുകയുള്ളു.ആയുധവർഗ്ഗം മാത്രം ധരിച്ചാൽ മതിയാകയില്ല, കർത്താവിനെയും ധരിക്കണം എന്നു താൻ വീണ്ടും ഓർമ്മിപ്പിക്കുന്നു. എന്നാൽ കർത്താവിനെ ധരിക്കുക എന്നത് എങ്ങനെയാണു സാധ്യമാകുന്നത്?

ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാ. 3:27). കർത്താവിനോടുകൂടെ മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്ന സ്നാനമത്രേ ഇവിടെ പ്രസക്തമായിട്ടുള്ളത്. ക്രിസ്തുവിന്റെ ശരീരത്തോടു ചേരണം എങ്കിൽ അവനോടുകൂടെ മരിക്കണം, മാത്രമല്ല അവനോടുകൂടെ ഉയിർത്തെഴുന്നേൽക്കുകയും വേണം. ഭൂതകാലത്തോടു പൂർണ്ണമായും വിടപറയുകയും പുതിയ ഒരു അനുഭവത്തിലേക്കു കടന്നുവരികയും ചെയ്യുക എന്നുള്ളതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. എങ്കിൽ മാത്രമേ ക്രിസ്തുവിനെ ധരിക്കുവാൻ സാധിക്കുകയുള്ളു.

ഇതിലൂടെ പ്രധാനമായും രണ്ടു കാര്യങ്ങളാണ് സംഭവിക്കുന്നത്. ഒന്ന്, ക്രിസ്തു നമ്മുടെ ഉള്ളിൽ വരുന്നു (Christ in us). രണ്ട്, ക്രിസ്തുവിനാൽ നമ്മൾ പൊതിയപ്പെടുന്നു (Christ covers us). കർത്താവ് ഉള്ളിൽ വരിക എന്നു പറയുമ്പോൾ അതു നമ്മിൽ സമൂലമായ ഒരു മാറ്റമാണ് ഉണ്ടാക്കുന്നത് (conversion). എന്നാൽ ക്രിസ്തുവിൽ പൊതിയപ്പെടുമ്പോൾ ഒരു രൂപാന്തരം (transformation) നമ്മിൽ സംഭവിക്കുന്നു. നമ്മിൽ ആകമാനം ഒരു മാറ്റമാണ് ആദ്യം സംഭവിക്കുന്നത്. ജീവനായ ക്രിസ്തു നമ്മിൽ കുടികൊള്ളുക മാത്രമല്ല, നമ്മിൽ ക്രിസ്തുവിന്റെ രൂപം വിളങ്ങുവാനും, ക്രിസ്തുവിന്റെ ശോഭയും മനോഹരത്വവും നമ്മിൽക്കൂടെ കാണുവാനും ഇടയായിത്തീരും.

**സർവായുധവർഗം അണിയേണ്ടതിന്റെ ആവശ്യകത**

....നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചു നില്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തു കൊൾവിൻ (എഫെ. 6:13). ശത്രുവിനെക്കുറിച്ചും അവന്റെ ബലത്തെക്കുറിച്ചും പലകാര്യങ്ങൾ നാം പഠിച്ചു. അവൻ അലറുന്ന സിംഹമാണ്, ആരെ വിഴുങ്ങേണ്ടു എന്നു വിചാരിച്ച് ചുറ്റി നടക്കുന്നു, അവന്റെ ആയുധങ്ങളാകുന്ന ഒളിയമ്പുകളും തീയമ്പുകളും വളരെ ശക്തിയുള്ളവയാണ്, മാത്രമല്ല അവൻ വളരെ തന്ത്രശാലിയും വഞ്ചകനും ദൂഷകനും ആകുന്നു. ആകയാൽ അവനോടു പോരാടുവാൻ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം അണിയണം. മനുഷ്യന്റെ സ്വന്തം കഴിവുകൊണ്ട് അവനെ ജയിക്കുവാൻ സാധിക്കുകയില്ല. അതിന് ദൈവകൃപ ധാരാളം ആവശ്യമാകുന്നു. മനുഷ്യന്റെ ശാരീരികമായ കഴിവുകൾക്ക് പിശാചിന്റെ ശക്തിയുമായി മല്ലു പിടിക്കുവാൻ സാധിക്കുകയില്ല. ശരീരത്തിന് ശരീരത്തോടും ആത്മാവിന് ആത്മാവിനോടും മാത്രമേ പോരാടുവാൻ കഴിയുകയുള്ളു. പിശാചിനെ നേരിടേണ്ടത് ദൈവാത്മാവിന്റെ ശക്തികൊണ്ടത്രേ. രൂപമുള്ളവയോടും ഇന്ദ്രിയങ്ങളാൽ മനസിലാക്കുവാൻ കഴിയുന്നവയോടും മാത്രമേ നമുക്കു ശരീരംകൊണ്ട് പ്രതികരിക്കുവാൻ കഴിയൂ. പിശാച് ദുരാത്മാവാകയാൽ നമ്മിലുള്ള ദൈവാത്മ ചേതനയ്ക്കു മാത്രമേ പിശാചിന്റെ തന്ത്രങ്ങളെ മനസ്സിലാക്കുവാനും എതിരിട്ടു തോല്പിക്കുവാനും കഴിയൂ. (തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# ഭിന്നതയും വിയോജിപ്പും

ആദിമ അപ്പോസ്തലന്മാരുടെ കാലത്തുതന്നെ ദൈവജനത്തിന്റെ ഇടയിൽ വിയോജിപ്പുകളുണ്ടായിരുന്നു. നമ്മുടെ മനസ്സ് അപക്വവും പാപപങ്കിലവുമാണെന്നതാണ് ഇതിന് ഒരു കാരണം. അതുകൊണ്ട് തന്നെ ദൈവത്തേയും അവിടുത്തെ വഴികളേയും കുറിച്ചുള്ള നമ്മുടെ അറിവ് പൂർണ്ണമല്ല. പൗലൊസ് പറയുന്നു: "നാം കണ്ണാടിയിൽ എന്നപോലെ അവ്യക്തമായികാണുന്നു" (1 കൊരി. 13:11). അതുകൊണ്ട് വിവിധ സാഹചര്യങ്ങളിൽ ദൈവഹിതം മനസ്സിലാക്കുവാൻ നാം ശ്രമിക്കുമ്പോൾ, നമ്മുടെ കാഴ്ചപ്പാടുകൾ വ്യത്യസ്തമായിരിക്കാം. അതു തിരിച്ചറിയുവാനുള്ള കാഴ്ച നമുക്കെല്ലാവർക്കും എല്ലാ സമയവും ഉണ്ടാകണം. ഇതിന്റെ അർത്ഥം നാം എക്കാലവും ദൈവിക വഴികളെക്കുറിച്ച് അജ്ഞരായിരിക്കണമെന്നല്ല. നാം പൂർണ്ണഹൃദയത്തോടെ ദൈവത്തെ അനുസരിക്കുവാൻ ശ്രമിക്കുകയും അങ്ങനെ പക്വതയിലേക്കു വളരുകയും ചെയ്യുമ്പോൾ ദൈവഹിതം സംബന്ധിച്ച് നമുക്കുള്ള തിരിച്ചറിവ് കൂടുതൽ കൂടുതൽ തികവുള്ളതായി കൊണ്ടിരിക്കും.

അതിനാൽ വിയോജിപ്പുകൾക്കും വിഭജനങ്ങൾക്കും ഉള്ള ഒരു കാരണം നേതാക്കന്മാർക്കിടയിലെ പക്വതയില്ലായ്മയാണ്. പൗലൊസും ബർന്നബാസും ചെറുപ്പക്കാരായ അപ്പോസ്തലന്മാർ ആയിരുന്നപ്പോൾ, അവർ ഒരുമിച്ചു പ്രവർത്തിക്കുന്നതിനായി ദൈവത്താൽ നിയമിക്കപ്പെട്ടവരായിരുന്നെങ്കിലും ചെറുപ്പക്കാരനായ ഒരു സഹപ്രവർത്തകനെ സ്വീകരിക്കണമോ വേണ്ടയോ എന്നതിനെചൊല്ലി വിയോജിപ്പുണ്ടാവുകയും അവർ പരസ്പരം വേർപിരിയുകയും ചെയ്തു (അ.പ്ര. 15:36-40). അവർക്കിടയിലെ ആ തർക്കം എങ്ങനെ പരിഹരിക്കണമെന്നു മനസ്സിലാക്കുവാൻ തക്ക പക്വത അവർക്കപ്പോൾ ഇല്ലായിരുന്നു. എന്നാൽ ദൈവം അപ്പോഴും അവരോട് കരുണ കാണിച്ച് അവരെ തുടർന്നും ഉപയോഗിച്ചു.

എന്നിരുന്നാലും ചില അവസരത്തിൽ, സ്വാർത്ഥരും പ്രബലരുമായ ചില സഹോദരന്മാർ സഭയിൽ അവരുടെ സ്വകാര്യ സാമ്രാജ്യം പണിയുവാൻ ശ്രമിക്കുന്നതിനാൽ ദൈവമക്കളുടെ ഇടയിൽ ഭിന്നത ഉണ്ടാകാറുണ്ട്. പൗലൊസ് വിട്ടുപോയതിനുശേഷം എഫെസോസിലെ സഭ പല വിഭാഗങ്ങളായി പിളർന്നു. കാരണം സ്വാർത്ഥരായ മൂപ്പന്മാർ ചെറിയ കൂട്ടങ്ങളെ തങ്ങളിലേക്ക് അടുപ്പിച്ചു (അ.പ്ര. 20:30), പൗലൊസിന്റെ സഹപ്രവർത്തകനായിരുന്ന ദേമാസ് അദ്ദേഹത്തെ വിട്ടുപോയി. കാരണം അവൻ ലോകത്തിലുള്ള എന്തിനെയോ ആഗ്രഹിച്ചു. അത് ഒരുപക്ഷേ പണമാകാം. അല്ലെങ്കിൽ മനുഷ്യരിൽ നിന്നുള്ള പുകഴ്ചയും മാനവും ആകാം. അല്ലെങ്കിൽ ഒരു സ്വകാര്യ അനുയായിവൃന്ദമാകാം. (2 തിമൊ. 4:10). ഇതേ കാര്യം ഇന്നും നടക്കുന്നു. ക്രിസ്തീയ വേലക്കാർക്കിടയിൽ സാരമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാറുള്ള രണ്ടു മേഖലകൾ ഇവയാണ്. പണസംബന്ധമായ കാര്യങ്ങളും, സഭയുടെ നേതൃത്വം സംബന്ധിച്ച കാര്യങ്ങളും.

ദൈവവേലയ്ക്കായി നാം പണം ശേഖരിക്കുന്ന രീതി വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കാരണം ദൈവവും പണവുമാണ് ലോകത്തിലുള്ള രണ്ടു യജമാനന്മാർ എന്നാണ് യേശു പറഞ്ഞിട്ടുള്ളത് (ലൂക്കോ. 16:13). യേശു പറഞ്ഞതുപോലെയും, പൗലൊസ് പണം ശേഖരിച്ചതുപോലെയും വേണം ദൈവവേലയ്ക്കായി പണം ശേഖരിക്കേണ്ടത്.

സഭാനേതൃത്വം സംബന്ധിച്ച കാര്യങ്ങളിലും പുതിയനിയമം പഠിപ്പിക്കുന്ന ഒരു മാതൃക നാം കൃത്യമായി പിന്തുടരണം. സഭാ നേതാക്കന്മാർ അവരുടെ സഭയെ ഒരു ശരീരം എന്നപോലെ വേണം പണിയുവാൻ. അതിനായി അതിലെ ഓരോ അംഗത്തെയും അവരവരുടെ കർത്തവ്യം പൂർണ്ണമായി നിറവേറ്റുന്നതിന് ഉത്സാഹിപ്പിക്കണം. അല്ലാതെ ഒരു വ്യക്തി നയിക്കുന്ന സഭാവിഭാഗം പോലെയല്ല സഭ പണിയേണ്ടത്. അവർ നിരന്തരം ചെറുപ്പക്കാരെ പരിശീലിപ്പിക്കുകയും അവരെ എത്രയും പെട്ടെന്നു പക്വതയിലേക്കു നയിക്കുകയും വേണം. അങ്ങനെ ക്രമേണ ഈ ചെറുപ്പക്കാർ നേതൃത്വത്തിലേക്കു വരണം. പൗലൊസ് തിമൊഥെയോസിനോട് ചെറുപ്പക്കാരെ പരിശീലിപ്പിക്കുവാൻ ആവശ്യപ്പെടുന്നു (2 തിമൊ. 2:1,2). ഇതാണ് പുതിയ നിയമ ശുശ്രൂഷ. എന്നാൽ പലരും ദൈവത്താൽ അഭിഷിക്തനായ ദാവീദിനു സിംഹാസനം ഒഴിഞ്ഞു കൊടുക്കുവാൻ വിമുഖത കാണിച്ച ശൗൽ രാജാവിനെപോലെയാണെന്നതാണ് ദുഃഖകരമായ കാര്യം (1 ശമു. 18:8). ചെറുപ്പക്കാർക്കു തങ്ങളുടെ സിംഹാസനം വിട്ടു കൊടുക്കാത്ത ധാരാളം "ശൗലു"മാർ ഇന്നു ക്രിസ്തീയ ഗോളത്തിലുണ്ട്. അങ്ങനെയുള്ളവർ എത്ര നല്ലവരും വരപ്രാപ്തരും ആണെങ്കിലും ദൈവവേലയ്ക്ക് ഒരു തടസ്സമാണ്.

മേൽപ്പറഞ്ഞ രണ്ടു മേഖലകളെ സംബന്ധിച്ച് യേശുവും അപ്പോസ്തലന്മാരും ശരിയായ മാതൃക നമുക്കു നൽകിയിട്ടുണ്ട്. അതാണ് നാം ഓരോരുത്തരും പിന്തുടരേണ്ടത്. നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളേയും ഇടർച്ചകളേയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോട് അകന്നുമാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെയല്ല, തങ്ങളുടെ വയറിനെയത്രെ സേവിക്കുകയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളയുകയും ചെയ്യുന്നു (റോമ. 16:17,18)". അതായത് പിണക്കം, സഭയിൽ ഭിന്നത എന്നിവ ഉണ്ടാക്കുന്നവർ, കുറ്റാരോപണത്തിന്റെ ആത്മാവുള്ളവർ, നമ്മുടെ ഹൃദയത്തിൽ ഏതെങ്കിലും മാലിന്യം കൊണ്ടുവരുന്നവർ എന്നിവരുമായുള്ള കൂട്ടായ്മ പൂർണമായി ഒഴിവാക്കണം.

ഒരുമിച്ച് പ്രവർത്തിക്കേണ്ട കാര്യം വരുമ്പോൾ പ്രധാനപ്പെട്ട വിഷയങ്ങളിൽ ദൈവീക കാഴ്ചപ്പാടുകളോട് ഐക്യതയുള്ളവരുമായി മാത്രമേ കൂട്ടായ്മ പാടുള്ളൂ. "തമ്മിൽ യോജിച്ചിട്ടല്ലാതെ രണ്ടുപേർക്ക് ഒരുമിച്ച് നടക്കാമോ" (ആമോസ് 3:3).

പരിശുദ്ധാത്മാവ് പറയുന്നു: "നിങ്ങളുടെ ഇടയിൽ ദൈവത്താൽ അംഗീകരിക്കപ്പെട്ടവർ ആരെന്നു വെളിപ്പെടേണ്ടതിനു ഭിന്നതകൾ ഉണ്ടാകേണ്ടതാണ്" (1 കൊരി. 11:19). ഇപ്പോഴും ഭിന്നതകളിലൂടെ ദൈവം തന്റെ ജനത്തിന്റെ ഇടയിൽ നിന്നു വെളിച്ചവും ഇരുളും തമ്മിൽ വേർതിരിക്കുന്നു-ആദിയിൽ ചെയ്തതുപോലെ (ഉല്പ.1:4).

നിങ്ങൾ ദൈവത്തിന്റെ മുഴുവൻ ഉദ്ദേശ്യവും വളരെ ഉറപ്പോടും ശക്തിയോടും കൂടെ പ്രഘോഷിക്കുകയാണെങ്കിൽ ആളുകൾ ഇത് വളരെ കഠിനമാണെന്നു പറഞ്ഞ് കോപിച്ച് നിങ്ങളെ വിട്ടുപോകും. അങ്ങനെതന്നെയാണ് ആളുകൾ യേശുവിനേയും പൗലൊസിനെയും വിട്ടുപോയത്. എന്നാൽ വിശ്വസ്തരായവർ ദൈവീക സത്യങ്ങൾ അംഗീകരിച്ച് നിലനിൽക്കും. അവരിലൂടെയാണ് ദൈവം തന്റെ സഭയെ പണിയുന്നത്.

# ഇയ്യോബും സഭാപ്രസംഗിയും



തുടർച്ച 4

ഇയ്യോബിനെ ഇത്ര കഠിനമായി പരീക്ഷിപ്പാൻ അനുവദിച്ചതിലുള്ള നന്മ എന്താണ്?" എന്നു നാം ചോദിച്ചേക്കാം. ദൈവമാണ് സകലവും നിയന്ത്രിക്കുന്നത്. താൻ ചെയ്യുന്നതെന്തെന്ന് അവന് നന്നായി അറിയാം. ഇയ്യോബും അവനുള്ളതെല്ലാം ദൈവത്തിന്റേതാകയാൽ, അവന്റെ പ്രവൃത്തി നീതീകരിക്കാവുന്നതാണ് (സങ്കീർത്തനങ്ങൾ 24:1; 50:10-12; പുറ. 19:5; ഹഗായി 2:8; യെഹസ്കേൽ 18:4). ഇയ്യോബ് അത് തിരിച്ചറിഞ്ഞിരുന്നു. അവൻ പറഞ്ഞു, "നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഉദരത്തിൽനിന്നു പുറപ്പെട്ടുവന്നു. നഗ്നനായി തന്നെ മടങ്ങിപ്പോകും" (1:21).

ഇയ്യോബിൽ നിന്ന് സാത്താൻ എടുത്തുകളഞ്ഞ അനുഗ്രഹങ്ങൾ നോക്കുക: അവന്റെ കാളകൾ, ഒട്ടകങ്ങൾ, കഴുതകൾ, ആടുകൾ, അവന്റെ മക്കൾ, ദാസന്മാർ എന്നിവ (1:13-22). അധ്യായം 1-ൽ പറഞ്ഞതായ അനുഗ്രഹങ്ങളിൽ രണ്ടെണ്ണം അവനിൽനിന്ന് എടുത്തുകളയാവുന്നതായിരുന്നില്ല. ഇയ്യോബിന്റെ നീതിയോ അവനുണ്ടായിരുന്ന ദൈവികമായ അംഗീകാരമോ സാത്താന് എടുത്തു മാറ്റുവാൻ കഴിഞ്ഞില്ല. ആ അനുഗ്രഹങ്ങളായിരുന്നു സാത്താൻ അവനിൽനിന്ന് ഏറ്റവും അധികമായി എടുത്തുമാറ്റുവാൻ ആഗ്രഹിച്ചത്. നമ്മുടെ കുടുംബങ്ങൾ എത്ര നല്ലവരാണെന്നോ, നമ്മുടെ സമ്പത്ത് എത്ര വലുതാണെന്നോ, അല്ലെങ്കിൽ നമുക്ക് എത്രമാത്രം സ്നേഹിതന്മാർ ഉണ്ട് എന്നോ സാത്താന് കാര്യമല്ല. സാത്താന് പ്രശ്നമാകുന്നത് നാം ദൈവത്തെ സ്നേഹിക്കുന്നതും ദൈവം നമ്മെ സ്നേഹിക്കുന്നതുമാണ്.

ഇയ്യോബിന്റെ സമ്പത്ത് എടുത്തുമാറ്റി അവനു ദൈവത്തോടുള്ള സ്നേഹത്തെ ദുർബ്ബലപ്പെടുത്താമെന്നാണ് സാത്താൻ വിചാരിച്ചത്. അവന്റെ കാളകളും, ആടുകളും, കഴുതകളും, ദാസന്മാരും നഷ്ടമായ ഓരോ സന്ദർഭത്തിലും ആ വിപത്ത് അവനെ അറിയിക്കുവാൻ ഓരോരുത്തനെ ശേഷിപ്പിച്ചു. പിന്നെ ഇയ്യോബിന്റെ കുടുംബത്തെ പിശാച് ബാധിച്ചു.

ഒന്നാമത്തെ പരീക്ഷണത്തെ തുടർന്ന് രണ്ടാമത്തെ വലിയ പരീക്ഷണമുണ്ടായി (2:1-10). ദൈവവും സാത്താനും വീണ്ടും സംസാരിച്ചു. വീണ്ടും ദൈവം തന്റെ വിശ്വസ്ത ദാസനായ ഇയ്യോബ് പാപം ചെയ്യുകയോ ദൈവത്തെ പഴിക്കുകയോ ചെയ്തില്ല എന്ന് ഓർപ്പിച്ചു. ഇയ്യോബ് ഒന്നാമത്തെ പരീക്ഷണത്തിൽ വിജയിച്ചു.

സാത്താൻ പിന്നെ ആക്രമിച്ചത് അവന്റെ നല്ല ആരോഗ്യത്തെയാണ്. ഇയ്യോബിന്റെ കാലത്ത് നല്ല ആരോഗ്യം ദൈവത്തിന്റെ അംഗീകാരമായിട്ടാണ് കരുതിയിരുന്നത്. താൻ ദൈവത്താൽ അംഗീകരിക്കപ്പെടുന്നതായി അറിയുന്നില്ലെങ്കിൽ, ഒരു നല്ല മനുഷ്യന് ധനമുണ്ടായാലും അത് ആസ്വദിക്കുവാൻ പ്രയാസം നേരിടും.

സാത്താൻ അങ്ങനെ എളുപ്പത്തിൽ വിട്ടുപോകുന്നവനല്ല. "നീ നിന്റെ കൈ നീട്ടി അവന്റെ അസ്ഥിയും മാംസവും ഒന്നു തൊടുക; അവൻ നിന്നെ മുഖത്തു നോക്കി ത്യജിച്ചു പറയും" എന്ന് സാത്താൻ പറഞ്ഞു (2:5). സാത്താൻ തന്റെ അതിർ വിപുലമാക്കുവാൻ ആഗ്രഹിച്ചു. ദൈവം പറഞ്ഞു, "ഇതാ, അവൻ നിന്റെ കയ്യിൽ ഇരിക്കുന്നു. അവന്റെ പ്രാണനെ മാത്രം തൊടരുത്."

ഇയ്യോബിന്റെ ദുഃഖം വർദ്ധിച്ചു. സാത്താൻ അവന്റെ ശരീരത്തെ ബാധിക്കുകയും, അവന്റെ തല മുതൽ പാദം വരെ പരുക്കൾ നിറയുകയും ചെയ്തു. അവൻ വെണ്ണീറിലിരുന്ന് ഒരു ഓട്ടിൻ കഷണം കൊണ്ട് ചുരണ്ടിക്കൊണ്ടിരുന്നു. അവന്റെ ഭാര്യ അവനെതിരായി തിരിഞ്ഞു. ആ അവസ്ഥയിൽ ജീവിക്കുന്നതിനേക്കാൾ ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിക്കുന്നതാണ് നല്ലത് എന്നാണ് അവൾ അവന് ഉപദേശിച്ചുകൊടുത്തത്. ഒരിക്കലും ഒരു കുഴപ്പവുമില്ലാതെ നന്മകൾ മാത്രം ദൈവത്തിൽ നിന്നു പ്രതീക്ഷിക്കുന്നത് സ്വാർത്ഥതയാണ് എന്ന് പറഞ്ഞ് അവൻ തന്റെ ഭാര്യയെ ശാസിച്ചു. കയ്പോടുകൂടെ മധുരവും വരുന്നു എന്ന് അവൻ അറിഞ്ഞിരുന്നു. ഇയ്യോബ് അതിൽ സന്തോഷിച്ചില്ലെങ്കിലും അവൻ അത് സ്വീകരിച്ചു. (തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# ആന്തരിക ജീവൻ: തെറ്റും ശരിയും



**ഈ** ലോകത്തിന് അതിന്റേതായ ഒരു നീതിബോധമുണ്ട്. ഈ നീതിബോധത്തിന്റെ അടിസ്ഥാനത്തിൽ അത് കാര്യങ്ങളെ 'തെറ്റ്-ശരി' എന്നു വിലയിരുത്തുന്നു.

എന്നാൽ ലോകത്തിന്റെ ഈ നീതിബോധം വീഴ്ച സംഭവിച്ച ആദാമ്യ വർഗ്ഗത്തിന്റേതായതിനാൽ ഇതു ദൈവത്തിനു സ്വീകാര്യമല്ല. ഈ നീതിബോധത്തിന് അതീതനാണ് അവിടുന്ന്. അതുകൊണ്ട് ലോകം തങ്ങളുടെ നീതിബോധത്തിന്റെ അടിസ്ഥാനത്തിലുള്ള തെറ്റ്-ശരി എന്ന പ്രമാണവുമായി ദൈവത്തെ സമീപിക്കുമ്പോൾ അവിടുന്ന് അതിനു വഴങ്ങുന്നില്ലെന്നു കണ്ടെത്തുവാൻ കഴിയും.

യേശുവിന്റെ ജീവിതത്തെ 'ശരി-തെറ്റി'ന്റെ അടിസ്ഥാനത്തിൽ വിലയിരുത്താൻ ചെല്ലുമ്പോഴും ഒരു ഞെട്ടൽ നമുക്ക് അനുഭവപ്പെടുന്നതിന്റെ കാരണം ഇതാണ്. കുഷ്ഠരോഗിയെ തൊട്ടു ശുദ്ധമാക്കുകയും അഞ്ചപ്പം എടുത്തു വാഴ്ത്തി അയ്യായിരങ്ങളെ തൃപ്തരാക്കുകയും ചെയ്ത അതേ കൈകളിൽ ചാട്ടവാർ എടുക്കാൻ യേശുവിനു മടിയുണ്ടായിരുന്നില്ല. 'കരയേണ്ട' എന്നു വിധവയെ ആശ്വസിപ്പിക്കുകയും 'ഭയപ്പെടേണ്ട' എന്നു ശിഷ്യരെ ധൈര്യപ്പെടുത്തുകയും ചെയ്ത അതേ നാവുകൊണ്ടു തന്നെ ഹെരോദാവിനെ കുറുക്കൻ എന്നും പത്രോസിനെ സാത്താനേ എന്നും വിളിക്കാൻ അവിടുന്നു തയ്യാറായി. ദൈവിക ന്യായപ്രമാണം വള്ളിപുള്ളി തെറ്റാതെ ആചരിച്ച പരീശന്മാരെയും ശാസ്ത്രിമാരെയും വെള്ളതേച്ച ശവക്കല്ലറകളെന്നു വിളിച്ച് 'നിങ്ങൾക്കു കടുപ്പമേറിയ ശിക്ഷാവിധി വരും' എന്ന് യേശു പറഞ്ഞു (മത്തായി 23:13). മറിച്ച് വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടു പറഞ്ഞത്: 'നിനക്കു ഞാൻ ശിക്ഷ വിധിക്കുന്നില്ല' എന്നാണ് (യോഹ. 8:11). നോക്കൂ: നമ്മുടെ ശരി-തെറ്റ് സങ്കല്പത്തിന് യേശു വഴങ്ങുന്നില്ല. യേശു ആത്മാവിന്റെ തികഞ്ഞ സ്വാതന്ത്ര്യത്തോടെയാണു ജീവിച്ചത്.

നാമും യേശുവിനെപ്പോലെ ജീവന്റെ ആത്മാവിന്റെ പ്രമാണത്തിനനുസരിച്ചു പ്രവർത്തിക്കാനാണല്ലോ വിളിക്കപ്പെട്ടിരിക്കുന്നത് (റോമ. 8:2). അതേ, യേശുവിന്റെ സ്വരൂപത്തോട് അനുരൂപപ്പെടുവാനാണു നമ്മെ മുൻനിയമിച്ചിരിക്കുന്നത് (റോമ. 8:29). പക്ഷേ യേശുവിന്റെ ജീവനിൽ പങ്കാളിത്തമില്ലാതെ യേശുവിനെപ്പോലെ പ്രതികരിക്കാൻ നമുക്കാവുകയില്ല.

ജീവൻ എപ്പോഴും പെരുമാറ്റത്തിലാണു പ്രകടമാകുന്നത്. യേശുവിന്റെ ജീവൻ യേശുവിന്റെ പെരുമാറ്റത്തിൽ പ്രതിഫലിച്ചിരുന്നു. എന്നാൽ യേശുവിന്റെ ജീവനിൽ പങ്കാളിയാകാതെ നമുക്ക് യേശുവിനെപ്പോലെ പെരുമാറാൻ കഴിയുകയില്ല.

വാച്ച് മാൻ നീ ഒരു ഉദാഹരണം ഇങ്ങനെ പറഞ്ഞിട്ടുണ്ട്. പക്ഷിക്കും ജീവനുണ്ട്. മത്സ്യത്തിനും ജീവനുണ്ട്. പക്ഷിയുടെ ജീവന്റെ പ്രത്യേകത പ്രകടമാകുന്നത് അത് ആകാശത്തിലൂടെ പറക്കുന്നതിലൂടെയാണ്. മത്സ്യത്തിന്റെ ജീവൻ വെളിവാകുന്നതാകട്ടെ വെള്ളത്തിലൂടെ അതു നീന്തുന്നതിലൂടെയും. പക്ഷിക്കു വെള്ളത്തിൽ നീന്താനോ മത്സ്യത്തിന് ആകാശത്തു പറക്കാനോ സാധിക്കുകയില്ല. നാം ആകാശത്തു പറക്കുന്ന ഒരു പക്ഷിയെ വെള്ളത്തിൽ നീന്താൻ എത്രയെല്ലാം അഭ്യസിപ്പിച്ചാലും അതിനു അതു കഴിയുകയില്ല. മറിച്ച് മത്സ്യത്തെ എത്രയെല്ലാം പരിശീലിപ്പിച്ചാലും അതിനു പറക്കാനും സാധിക്കുകയില്ല.

എന്നാൽ നമുക്കു പക്ഷിയെക്കൊണ്ട് വെള്ളത്തിൽ നീന്തിക്കണമെന്നിരിക്കട്ടെ. അതിന് എങ്ങനെ കഴിയും? പക്ഷിക്കു മത്സ്യത്തിന്റെ ജീവൻ നൽകാൻ നമുക്കു കഴിഞ്ഞാൽ ആ ജീവന്റെ സ്വാഭാവിക പ്രതികരണം എന്ന നിലയിൽ അതിനു നീന്താൻ കഴിയും. ഇതുപോലെ മത്സ്യത്തിനു പക്ഷിയുടെ ജീവൻ നൽകാൻ കഴിഞ്ഞാൽ മാത്രമേ അതിനു പറക്കാൻ കഴിയുകയുള്ളൂ. ചുരുക്കത്തിൽ ജീവനാണ് പ്രധാനം. ജീവനിൽ പങ്കാളിയാകാതെ നമുക്കു ജീവന്റെ പ്രത്യക്ഷീകരണമായ പെരുമാറ്റത്തെ സ്വന്തമാക്കാൻ കഴിയുകയില്ല.

തോമസ് കെമ്പിസിന്റെ പ്രസിദ്ധമായ പുസ്തകമാണ് ക്രിസ്ത്വാനുകരണം (Imitation of Christ). പുസ്തകം വളരെ മനോഹരമാണെങ്കിലും അതിന്റെ തലക്കെട്ട്, ക്രിസ്ത്വാനുകരണം, തെറ്റായ ഒരു സന്ദേശമാണു നൽകുന്നതെന്നു തോന്നാറുണ്ട്. യേശുവിനെ (യേശുവിന്റെ പെരുമാറ്റത്തെ) അനുകരിച്ചാൽ യേശുവിനെപ്പോലെയാകാൻ കഴിയുമോ/ ഇല്ല. ഒരിക്കലുമില്ല. യേശുവിന്റെ പെരുമാറ്റം യേശുവിന്റെ ജീവന്റെ ബഹിർസ്ഫുരണമായിരുന്നു. യേശുവിന്റെ ഈ ജീവനിൽ പങ്കാളിയാകാതെ, യേശു ജീവിച്ചതു പോലെ ജീവിക്കാനോ യേശു പെരുമാറിയതുപോലെ പെരുമാറാനോ കഴിയുകയില്ല. (വെള്ളത്തിൽ കിടക്കുന്ന മത്സ്യത്തിന് ആകാശത്തിലൂടെ പറക്കാൻ കഴിയണമെങ്കിൽ എന്താണു മാർഗം? പക്ഷിയുടെ പറക്കലിന്റെ താളത്തെ തന്റെ ചിറകുകൊണ്ട് അനുകരിക്കാൻ എത്ര ശ്രമിച്ചാലും മത്സ്യത്തിനു പറക്കാൻ സാധ്യമല്ല. മറിച്ച് അതിന് ഒരേയൊരു വഴി മാത്രം-മത്സ്യത്തിനു പക്ഷിയുടെ ജീവൻ നൽകുക). സ്വഭാവത്തിന്റെ പരിഷ്ക്കരണം കൊണ്ട് നമുക്ക് യേശുവിനെപ്പോലെ ആകാൻ കഴിയുകയില്ല. അതിന് ആവശ്യം ജീവനിൽ ഒരു ജനനമാണ്. 'ജഡത്താൽ ജനിച്ചതു ജഡം ആകുന്നു. ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു' (യോഹ. 3:6).

തന്റെ ജീവിതത്തിൽ യേശുവിന്റെ ജീവനിലുള്ള പങ്കാളിത്തം കുറവാണെന്നു പൗലൊസ് കണ്ടെത്തി. ഇതാണ് അവനെ റോമർ ഏഴിലെ 'അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ' എന്ന നിലവിളിയിലേക്കു നടത്തിയത്. ഇതിനെ തുടർന്നാണ് എട്ടാം അധ്യായത്തിലെ 'ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു' എന്ന വിജയകരമായ ജീവിതത്തിന്റെ പ്രഖ്യാപനം.

പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നു സ്വാതന്ത്ര്യം വരുത്തുന്ന യേശുവിന്റെ ജീവനിലുള്ള വർദ്ധമാനമായ പങ്കാളിത്തത്തിലേക്കു പൗലൊസ് വന്നതെങ്ങനെയാണ്? ഗലാത്യർ 2:20 ലാണ് അതിലേക്കുള്ള മാർഗ്ഗം പൗലൊസ് വിവരിക്കുന്നത്: "ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്."

പ്രസക്തമായ ചോദ്യം ഇതാണ്: ജീവന്റെ വഴിയിലാണോ നിങ്ങൾ പോകുന്നത്? അതോ തെറ്റിന്റെയും ശരിയുടേയും മാർഗത്തിലാണോ? തെറ്റിന്റേയും ശരിയുടേയും അപ്പുറത്ത് ജീവന്റെ പ്രമാണത്താൽ ഭരിക്കപ്പെടുമെങ്കിൽ നമ്മുടെ ജീവിതത്തിൽ വലിയ മാറ്റം വരുംനാളുകളിൽ ഉണ്ടാകും.

---

# ധൂർത്തും ദുർവിനിയോഗവും

**ഗാ**ന്ധിജിയുടെ ജീവിതത്തിലെ ഒരു സംഭവ കഥയാണ്. ഏതോ സാധനത്തിനു വേണ്ടി ശുഷ്കാന്തിയോടെ ഗാന്ധിജി പരതുന്നത് അടുത്ത സഹായി മീരാബെൻ കണ്ടു. വളരെ ആകാംക്ഷാഭരിതനായി അദ്ദേഹം കാണപ്പെട്ടതിനാൽ അവർ അന്വേഷിച്ചു: 'ബാപ്പുജി, എന്തെങ്കിലും വിലപിടിച്ച സാധനമാണോ തെരയുന്നത്? അങ്ങ് വളരെ ആകാംക്ഷാഭരിതനാണല്ലോ.'

'ഒരു പെൻസിൽ'. അന്വേഷണത്തിൽ മുഴുകിക്കൊണ്ടുതന്നെ അദ്ദേഹം മറുപടി പറഞ്ഞു.

'അതു വളരെ വലുതാണോ?'

'ചെറുതാണ്. എന്റെ തള്ളവിരലിനോളം വരും!' അദ്ദേഹം മറുപടി നൽകി.




അതിശയത്തോടെ അവർ ചിരിച്ചു. ഒരു തുണ്ടു പെൻസിലിനു വേണ്ടി അദ്ദേഹം ഇത്രയേറെ ശുഷ്കാന്തി കാണിക്കുന്നത് എന്തിനാണെന്ന് ആശ്രമത്തിലെ എല്ലാവരും അത്ഭുതപ്പെട്ടു.

ആശ്രമത്തിലെ ഒരു അന്തേവാസി ഒരു പുതിയ ഒരു പെൻസിൽ കൊണ്ടുവന്നു ബാപ്പുജിക്കു നൽകി. അദ്ദേഹത്തിനാണെങ്കിൽ ദേഷ്യമാണു വന്നത്. 'പുതിയ പെൻസിൽ കൊണ്ടുവരാൻ ഞാൻ ആവശ്യപ്പെട്ടോ?' ശാസനാരൂപത്തിൽ അദ്ദേഹം ചോദിച്ചു.

നഷ്ടപ്പെട്ട പെൻസിൽ തുണ്ടിനുവേണ്ടിയുള്ള തെരച്ചിൽ ഗാന്ധിജി തുടർന്നു. ഒടുവിൽ കുറെ കടലാസുകൾക്കിടയിൽ അതു കണ്ടെത്തുകയും ചെയ്തു.

'അതിവിടെയുണ്ട്. ഞാൻ കണ്ടെത്തി!' വളരെ ആഹ്ലാദത്തോടെ ഗാന്ധിജി പറഞ്ഞു.

എന്തെങ്കിലും സ്ഥാനം തെറ്റി വയ്ക്കുന്നതും അശ്രദ്ധകാരണം നഷ്ടപ്പെടുന്നതും അദ്ദേഹത്തിന് ഇഷ്ടമല്ലായിരുന്നു.

ഇതുപോലെ രസാവഹവും നിർദേശകവുമായ മറ്റൊരു സംഭവം കൂടിയുണ്ട്.

ഭക്ഷണത്തോടൊപ്പം ഒരു സ്പൂൺ തേൻകൂടി ഗാന്ധിജി നിത്യവും കഴിക്കുമായിരുന്നു. ഒരിക്കൽ ഏതോ പട്ടണത്തിൽ ക്യാംപിനു പോയപ്പോൾ, ഗാന്ധിജിയുടെ കാര്യങ്ങൾ അന്വേഷിച്ചിരുന്ന മീരാബെൻ തേൻകുപ്പി എടുക്കാൻ മറന്നുപോയിരുന്നു. അതിനാൽ, ഒരു കുപ്പി തേൻ അവർ പ്രാദേശികമായി വാങ്ങി. അതു കണ്ടപ്പോൾ ഗാന്ധിജി ചോദിച്ചു: 'ആശ്രമത്തിൽ നമ്മൾ ഉപയോഗിക്കുന്ന മറ്റേ കുപ്പിക്ക് എന്തുപറ്റി?'

'ആശ്രമത്തിൽ നിന്നു അതു കൊണ്ടുവരാൻ ഞാൻ മറന്നുപോയി'-സാധാരണ രീതിയിൽ അവർ മറുപടി പറഞ്ഞു.

ഗാന്ധിജിക്ക് പ്രകടമായിത്തന്നെ ദേഷ്യം വന്നു.

ആ കുപ്പിയിലെ തേൻ അങ്ങനെ കളയാൻ പാടുണ്ടോ? അദ്ദേഹം അങ്ങനെ ചോദിക്കുകയും പുതിയ കുപ്പിയിൽ നിന്നു തേൻ കുടിക്കാൻ വിസമ്മതിക്കുകയും ചെയ്തു. ആശ്രമത്തിൽ തിരിച്ചെത്തി പഴയ കുപ്പിയിലെ തേൻ പൂർണമായി ഉപയോഗിക്കുന്നതുവരെ ഈയവസ്ഥ തുടർന്നു.

എത്ര നിസാരമായ കാര്യമാണെങ്കിലും എന്തെങ്കിലും ദുർവിനിയോഗം ചെയ്യുന്നത് രാഷ്ട്രപിതാവായ ഗാന്ധിജി വെറുത്തിരുന്നു.

ജീവിതത്തിൽ നാം ചില തത്ത്വങ്ങൾ പാലിക്കുന്നവരായിരിക്കണം. സമൂഹത്തിൽ നാം ജീവിക്കുമ്പോൾ ലക്ഷ്യബോധവും ഉത്തരവാദിത്തബോധവും ഉള്ളവരായിരിക്കണം.

പലപ്പോഴും മനുഷ്യൻ ആഢംബരപ്രിയനാണ്. ഉപയോഗമില്ലാത്ത വസ്തുക്കൾ പോലും വാങ്ങിക്കൂട്ടും. ഇപ്പോഴത്തെ കച്ചവടരീതി വളരെ ആകർഷകമാണ്. ആവശ്യമില്ലാത്ത സാധനങ്ങൾ പോലും ചില പരസ്യം കണ്ടാൽ വാങ്ങിപ്പോകും. വിലക്കുറവും സൗജന്യവും നോക്കി വാങ്ങിക്കൂട്ടുന്ന പലതും നിലവാരമില്ലാത്തതും ആയിരിക്കും. അതുകൊണ്ട് ആവശ്യമുള്ള കാര്യങ്ങൾ വാങ്ങുവാൻ നാം ശ്രദ്ധിക്കണം. പണം ദുർവിനിയോഗം ചെയ്യരുത്. അത് കടക്കെണിയിലേക്ക് നയിക്കും.

മലയാളികൾ പാഴാക്കുന്ന ഭക്ഷണമുണ്ടെങ്കിൽ ആഫ്രിക്കയിലെ ചില രാജ്യത്തെ പട്ടിണിയകറ്റാം എന്ന് ഒരാൾ പറയുകയുണ്ടായി. ചിലർ ഹോട്ടലിൽ കയറിയാൽ കുറെയേറെ സാധനങ്ങൾ ഓർഡർ ചെയ്യും. ചിലതൊക്കെ കഴിക്കും. ബാക്കി വേസ്റ്റ് ആകും. വീട്ടിലായാലും പുറത്തായാലും ഭക്ഷണം പാഴാക്കരുത്. നമുക്കുചുറ്റും എത്രയോ ആളുകളാണ് പട്ടിണിയും ദാരിദ്ര്യവും അനുഭവിക്കുന്നത്.

വിവാഹമൊക്കെ വലിയ ഉത്സവമാക്കുന്നവരുണ്ട്. അനാവശ്യമായി പണം ഒഴുക്കികളയുകയാണ് ഇങ്ങനെയുള്ളവർ. അത് വലിയ തെറ്റാണ്. നമുക്കുള്ള കാര്യങ്ങൾ വേണ്ട രീതിയിൽ ഉപയോഗിക്കുവാൻ നാം ശീലിക്കണം.

സമയവും സമ്പത്തും ബുദ്ധിയോടെ ഉപയോഗിക്കുന്നവർ ചുരുക്കമാണ്. ലുബ്ധനായി ജീവിക്കണമെന്നല്ല ദുർവിനിയോഗവും ധൂർത്തും ഒഴിവാക്കണമെന്നാണ് ഞാൻ പറയുന്നത്. മിതവ്യയം ശീലിക്കുവാൻ നമുക്കു കഴിയണം. അത് ജീവിത വിജയത്തിന് അനിവാര്യമാണ്.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

***പ്രൊട്ടസ്റ്റന്റ് വിപ്ലവം കത്തോലിക്കാ സഭയിൽ വലിയ പൊളിച്ചെഴുത്ത് നടത്തി എന്ന നിലയിലുള്ള താങ്കളുടെ ചില പരാമർശങ്ങൾ ഒരു ഓൺലൈൻ മാധ്യമത്തിൽ കാണുവാൻ ഇടയായി. തെറ്റായ പരാമർശത്തിന് ഒരു തിരുത്ത് ആവശ്യമായിരിക്കുന്നു.***

ഫാദർ ജോസഫ് കുഴുവിനാൽ, ജഗതി, തൈക്കാട്, തിരുവനന്തപുരം

**ക്രൈ**സ്തവ വൈദിക സങ്കല്പത്തിൽ ഏറ്റവും വലിയ പൊളിച്ചെഴുത്ത് പ്രൊട്ടസ്റ്റന്റ് വിപ്ലവമാണ് സൃഷ്ടിച്ചത്. പ്രൊട്ടസ്റ്റന്റുകാർ വൈദികപദത്തെ തള്ളിക്കളഞ്ഞു. പാരമ്പര്യ പദങ്ങൾ മാറ്റി പ്രതിഷ്ഠിച്ചു. ബൈബിളിൽ പറയുന്നതുപോലെ എല്ലാ ക്രൈസ്തവരും "പുരോഹിത ഗണവും രാജകീയവംശവുമായി". ദേവാലയം ഇല്ലായ്മ ചെയ്യപ്പെട്ടു; പ്രൊട്ടസ്റ്റന്റുകാർ ദേവാലയം പണിതില്ല; അവർക്ക് കത്തീഡ്രലും ബസിലിക്കയുമില്ല. അവർക്ക് ബലിയർപ്പണമില്ല, സക്രാരിയുമില്ല; കൊവേന്തകളുമില്ല. ഈ കാഴ്ചപ്പാടുകൾ പലതും രണ്ടാം വത്തിക്കാൻ സുന്നഹദോസോടെ കത്തോലിക്കാപള്ളിയിലേക്കു പ്രവേശിച്ചു. അപ്പോൾ കത്തോലിക്കാ വൈദികന് എന്തുപറ്റി?

ഏറ്റവും വലിയ മാറ്റം അല്മായർ വൈദികരായി എന്നതുതന്നെ. അല്മായർക്കുള്ള സഭയിലെ സ്ഥാനങ്ങളെക്കുറിച്ചും നാം ആവർത്തിച്ചു കേൾക്കുന്നു. ദൈവവിളി എല്ലാവർക്കുമായി. എല്ലാവരും കൊവേന്തക്കാരായപ്പോൾ കൊവേന്തകൾ ഇല്ലാതായ പ്രതിസന്ധിയിലാണ് കത്തോലിക്കാ സഭ. എല്ലാവരും ചാരിത്രവ്രതം പാലിക്കുന്നവരായ പ്രൊട്ടസ്റ്റന്റ് പാരമ്പര്യം സൃഷ്ടിച്ച സംസ്കാരത്തിൽ കന്യകാത്വവും ബ്രഹ്മചര്യവും എടുക്കാത്ത നാണയങ്ങളായി. അല്മായർക്ക് സഭയിൽ സ്ഥാനങ്ങൾ കൊടുക്കണമെന്ന് എല്ലാ മെത്രാന്മാരും പ്രസംഗിക്കുന്നു. അധ്യാപനം, എഴുത്ത്, കല, രാഷ്ട്രീയം ഇവിടെയൊന്നും അച്ചൻ വേണ്ട. അല്മായർ മതി. അച്ചന്മാർ ആത്മീയ കാര്യങ്ങൾ മാത്രം നോക്കിയാൽ മതി; ബാക്കിയൊക്കെ അല്മായർക്ക് വിട്ടുകൊടുക്കണം. അവിടെയും തീർന്നില്ല. വചനം പ്രസംഗിക്കാനും, ധ്യാനിപ്പിക്കാനും അച്ചൻ വേണ്ടന്നായി.







പ്രൊട്ടസ്റ്റന്റു പാരമ്പര്യത്തിലെ പെന്തക്കോസ്തൽ വേദികളിലെ അനുകരണം തന്നെയാണല്ലോ ഇത്. അതോടൊപ്പം നാം മറ്റൊന്നുകൂടി കേൾക്കുന്നു. അച്ചൻ പൂജാരിയല്ല. പള്ളിയിൽ മാത്രം തമ്പടിച്ച് കൂദാശ പരികർമ്മങ്ങളുടെ പൂജാവിധികളുമായി അച്ചന്മാർ ചടഞ്ഞുകൂടരുത്. അവർ ലോകത്തിലേക്കിറങ്ങണം. പക്ഷേ, ലോകം അല്മായന്റെ തട്ടകമല്ലേ? പള്ളിയിലിരുന്നു പള്ളി പണിയാമെന്നു വിചാരിച്ചാൽ പള്ളി പണി അച്ചന്റെയല്ലെന്ന മുറവിളി. പുറത്തേക്കിറങ്ങിയാൽ വൈദികൻ ലോകത്തിലേക്കിറങ്ങരുത് എന്ന താക്കീത്. മദ്ബഹയിലേക്കും അല്മായർ ഇടിച്ചുകയറിയതോടെ വൈദികന് എങ്ങും ഇടമില്ലെന്നായി!

***ചീഞ്ഞുനാറുന്ന വ്രണങ്ങൾ തുറന്നുകാട്ടുമ്പോൾ അത് കാണുന്ന ജനത്തിന്റെ അറപ്പും വെറുപ്പും നാം കാണാതെ പോകരുത്... വിമർശനം നല്ലതുതന്നെ. പക്ഷെ, അത് അകത്തുമതി, പുറത്തുവേണ്ടാ. അതായത് തുറന്നു കാട്ടേണ്ട എന്ന പക്ഷക്കാരനാണ് ഞാൻ. ഇതിലെ നീതിയും ന്യായവും ഉൾക്കൊണ്ടുള്ള പ്രതികരണം പ്രതീക്ഷിക്കുന്നു.***

പാ. ജോജി മൈക്കിൾ, കുണ്ടറ, മുളവന, കൊല്ലം.

കഫ്കയുടെ ഒരു കഥയനുസരിച്ചു രാത്രി ഗ്രാമത്തിലെ ഒരു യുവാവിന് അടിയന്തിര ശുശ്രൂഷയ്ക്കുവേണ്ടി നാട്ടുവൈദ്യനെ വിളിക്കുന്നു. കുതിരപ്പുറത്തു വൈദ്യനെത്തി. രോഗിയുടെ അടുക്കൽ വൈദ്യനെത്തിയപ്പോൾ കണ്ടതു പ്രത്യക്ഷത്തിൽ ആരോഗ്യവാനായ ചെറുപ്പക്കാരനെയാണ്. പക്ഷേ, അയാൾ രോഗിയാണ്. അയാളുടെ വലതുവശത്തെ തുടയുടെ ഉൾഭാഗത്തു കൈപ്പത്തിയുടെ വലിപ്പത്തിൽ ഒരു വ്രണം. നാണംകെട്ടിടത്തെ വ്രണത്തിൽ ഒരു വിരൽ വലിപ്പമുള്ള പുഴുക്കൾ. വ്രണത്തിന്റെ പിന്നിലെ വേദന കൊണ്ട് അന്ധനായ ചെറുപ്പക്കാരൻ മോങ്ങി; "എന്നെ രക്ഷിക്കണേ..."



വൈദ്യൻ കൽപ്പിച്ചു: തുണി മാറ്റൂ, അതു പൊറുക്കട്ടെ. അല്ലെങ്കിൽ നിങ്ങൾ മരിക്കും. ഞാൻ വൈദ്യൻ മാത്രമാണ്...

കഫ്കയുടെ കഥയ്ക്കു പ്രത്യക്ഷമായി ആത്മീയധ്വനിയുണ്ട്. വ്രണം മറച്ചു ജീവിച്ചവനോട് അതു തുറന്നിടാനാണു വൈദ്യൻ ആവശ്യപ്പെട്ടത്. നാണം കെടുത്തുകയും മരണപ്പെടുത്തുകയും ചെയ്യുന്ന വ്രണങ്ങൾ വ്യക്തികളുടെയും സമൂഹത്തിന്റെയും മതത്തിന്റെയും ഗാത്രങ്ങളിൽ ഉണ്ടാകാം. അങ്ങനെയൊരു വ്രണം സമൂഹത്തിൽനിന്നു തുടച്ചുനീക്കിയപ്പോഴാണു സോഫോക്ലീസിന്റെ ഈഡിപ്പസ് തേബസിന്റെ രാജാവായത്. നല്ല വാർത്ത മാത്രം കേൾക്കാനും അറിയാനും നാം ആഗ്രഹിക്കുന്നു. നമ്മെക്കുറിച്ചു മറ്റുള്ളവർ നല്ലതു പറയണമെന്ന് ആരാണ് ആഗ്രഹിക്കാത്തത്? മോശപ്പെട്ട വാർത്തകൾ കാണുമ്പോൾ ചിലർ പരിഭവിക്കുന്നു. എന്നാൽ ചീഞ്ഞുനാറുന്ന വ്രണങ്ങൾ മൂടിവയ്ക്കുന്നതിലെ അപകടം നാം തിരിച്ചറിയണം.

സത്യത്തിൽ നിന്ന് ഒളിച്ചോടാനാവില്ല. ബൈബിളിലേക്കു നോക്കൂ. ബൈബിൾ നല്ല വാർത്തയായി വായിക്കുന്നു. ഈ സുവിശേഷത്തിൽ യൂദാസ് ഒറ്റിക്കൊടുത്തതും പത്രോസ് തള്ളിപ്പറഞ്ഞതും വാർത്തയല്ലേ? അവ നാം വായിക്കുന്നില്ലേ?

ബൈബിളിൽ നിന്നു ദാവീദിന്റെ വ്യഭിചാരമോ, കൊലപാതകമോ, മകന്റെ വിപ്ലവമോ, മരുമകളെ പ്രാപിച്ചു ഗർഭം ധരിപ്പിച്ച യെഹൂദയുടെ കഥയോ, യേശുവിന്റെ വംശാവലിയിലെ വ്യഭിചാരണികളുടെ വിവരണമോ എഡിറ്റ് ചെയ്തു മാറ്റിയോ/ അപ്പോൾ നല്ല വാർത്ത എന്താണ്? ബൈബിളിൽ നിന്നു പാപവാർത്ത ഒഴിവാക്കിയില്ലല്ലോ.

ഈ യാഥാർത്ഥ്യങ്ങളിലൂടെയാണ് വേദഗ്രന്ഥം നമ്മെ നയിക്കുന്നത്. പാപങ്ങളും കുറ്റകൃത്യങ്ങളും ഇവിടെ തുറന്നിട്ടിരിക്കുന്നു. ദൈവത്തിന്റെ സുഖപ്പെടുത്തലിനായി. ദാവീദിന്റെ വ്യഭിചാരം മാത്രമല്ല, ആ രാജാവിന്റെ അനുതാപസങ്കീർത്തനങ്ങളും ബൈബിളിലുണ്ട്; യേശുവിനെ തള്ളിപ്പറഞ്ഞ പത്രോസിനെ യേശു തള്ളിക്കളഞ്ഞില്ലല്ലോ. വ്രണങ്ങൾ സുഖപ്പെടുത്തലിനായി തുറന്നിടുക. അത് മൂടിവച്ചാൽ നിങ്ങൾ മരിച്ചുപോകും. അതാണു കഫ്കയുടെ നാട്ടുവൈദ്യന്റെ നടപടിയുടെ സാംഗത്യം. വ്രണങ്ങൾ ദൈവത്തിന്റെ സുഖപ്പെടുത്തലിനായി തുറന്നിടുകതന്നെ വേണം.

***രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ജനിച്ച ഒരു മനുഷ്യൻ എങ്ങനെയാണ് ദൈവമാകുന്നത്? ദൈവത്തിന് ജനനവും മരണവും ഇല്ലാതിരിക്കെ യേശുവിന് ഇത് രണ്ടും ഉണ്ടായതായി ബൈബിൾ പറയുന്നുണ്ടല്ലോ? ബൈബിളിൽ യേശു ദൈവപുത്രനും മനുഷ്യപുത്രനും മാത്രമാണല്ലോ. എന്നിട്ടും ക്രിസ്ത്യാനികൾ യേശുവിനെ ദൈവമായി അംഗീകരിക്കുന്നത് അബദ്ധവും ബൈബിൾ നിഷേധവുമല്ലേ.***

അബ്ദുൾ ലത്തീഫ്, എടരിക്കോട്, മലപ്പുറം

**കഴിഞ്ഞ ലക്കം തുടർച്ച 4**

## ആദ്യനും അന്ത്യനും

പഴയനിയമത്തിൽ ദൈവം ആദ്യനും അന്ത്യനുമാകുന്നു എന്ന് യെശയ്യാവിന്റെ പുസ്തകത്തിൽ വായിക്കുന്നു. "യിസ്രായേലിന്റെ രാജാവായ യഹോവ, അവന്റെ വീണ്ടെടുപ്പുകാരനായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ ആദ്യനും അന്ത്യനും ആകുന്നു. ഞാനല്ലാതെ ഒരു ദൈവവുമില്ല" (യെശയ്യാ. 44:6).

പുതിയനിയമത്തിൽ വെളിപ്പാട് 1:17,18 വാക്യങ്ങളിൽ യേശു പറയുന്നത്, മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം വലിയോരാഘാതമായിരിക്കും. അവനെ കണ്ടിട്ടു ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു. അവൻ വലങ്കൈ എന്റെമേൽ വെച്ചു: ഭയപ്പെടേണ്ടാ, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്." ഒരു മനുഷ്യന് "ഞാൻ ആദ്യനും അന്ത്യനും ആകുന്നു" എന്ന് അവകാശപ്പെടാനാകുമോ? അതേ, ഈ അവകാശവാദം യേശു ദൈവമെന്ന് തെളിയിക്കുന്നു.

## പാപമോചനം

ഒരു വ്യക്തി മറ്റൊരു വ്യക്തിയോട് പാപം ചെയ്യുമ്പോൾ, എല്ലാ പാപങ്ങളും ദൈവാഭിമുഖ്യമാണെന്ന യാഥാർത്ഥ്യബോധം അവന്റെ മനസാക്ഷിയിൽ നിലനിൽക്കുന്നു. അപ്രകാരം, ഞാനും നിങ്ങളും തമ്മിൽ ചെയ്ത പാപങ്ങൾക്ക് എനിക്കും നിങ്ങൾക്കും തമ്മിൽ തമ്മിൽ ക്ഷമിക്കാമെങ്കിലും ദൈവത്തിന് മാത്രമേ ആത്യന്തികമായി പാപമോചനം നൽകാൻ സാധ്യമാകുകയുള്ളു. അതുകൊണ്ടുതന്നെ, ദാവീദ് ദൈവത്തോട് പറയുന്നത് നിന്നോടുതന്നെ ഞാൻ പാപം ചെയ്തു; നിനക്ക് അനിഷ്ടമായുള്ളത് ഞാൻ ചെയ്തിരിക്കുന്നു" (സങ്കീ. 51:4) എന്നാണ്. ദാനിയേൽ പ്രസ്താവിച്ചു: "ഞങ്ങളുടെ ദൈവമായ കർത്താവിന്റ പക്കൽ കരുണയും (പാപങ്ങളുടെ) മോചനവും ഉണ്ട്. ഞങ്ങളോ അവനോടു മത്സരിച്ചു" (ദാനി. 9:9). പുതിയനിയമത്തിൽ പാപങ്ങളെ മോചിക്കാനുള്ള അധികാരം തനിക്കുണ്ടെന്ന് യേശുക്രിസ്തു അവകാശപ്പെടുന്നത് മുസ്ലീങ്ങളെ ആശ്ചര്യപ്പെടുത്തും. ഒരു പക്ഷവാതക്കാരനെ സൗഖ്യമാക്കുവാൻ വേണ്ടി യേശുവിന്റെ അടുക്കലേക്ക് കൊണ്ടുവരുന്നത് മർക്കോസ് രണ്ടാം അധ്യായത്തിൽ കാണുന്നു. യേശുവിന്റെ പ്രതികരണം ദൈവദൂഷണമായി പറഞ്ഞ് ശാസ്ത്രിമാർ യേശുവിനെ കുറ്റപ്പെടുത്തി. അവരുടെ വിചാരങ്ങൾ അറിഞ്ഞ് യേശു ഇപ്രകാരം പ്രതിവചിച്ചു. ഭൂമിയിൽ പാപങ്ങളെ മോചിക്കുവാൻ എനിക്ക് അധികാരമുണ്ട് (മർക്കൊ.2:10). തന്റെ അവകാശവാദം തെളിയിച്ചുകൊണ്ട് യേശു പക്ഷവാദക്കാരനെ സൗഖ്യമാക്കി. (തുടരും)



WEBSITE vedahimani.com
FACE BOOK vedahimani
MAIL vedahimani@gmail.com
YouTube vedabhimani

VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 150/-

Postal Registered No : KL/MVK/184/2018-2020
Posted on 15, 20 April 2018
at RMS Kayamkulam
Published on Ist April 2018
RNI Registered No. KERMAL/2002/7361

# അലെപ്പോയിലെ അനിസിന്റെ കഥ



സിറിയയിൽ നിന്നുള്ള ഒരു ചിത്രമാണിത്. യുദ്ധത്തിൽ സർവതും നശിച്ച അവിടെ നല്ലതെന്തു കാണാൻ എന്നാകും ആളുകൾ കരുതുന്നത്. ആക്രമണം, സ്ത്രീപീഡനം, തലയറുക്കൽ, സ്ഫോടനം.. എന്നിങ്ങനെയാണ് അവിടെനിന്നുള്ള വാർത്തകളും ചിത്രങ്ങളും. അതൊക്കെ കണ്ടാൽ വേദനയുടെയും നിരാശയുടെയും വിഷാദത്തിന്റെയും ലോകത്തേക്കാവും നാം എടുത്തെറിയപ്പെടുക. എന്നാൽ കഴിഞ്ഞവർഷം സിറയ എന്ന യുദ്ധഭൂമിയിൽനിന്നെടുത്ത ഒരു ഫോട്ടോ ലോകത്തെ അതിശയിപ്പിച്ചുകളഞ്ഞു. കഴിഞ്ഞ വർഷത്തെ ഏറ്റവും ശ്രദ്ധേയമായ ഫോട്ടോകളിലൊന്നായി ഇതു മാറി. പാരീസ് ആസ്ഥാനമായുള്ള എ.എഫ്.പി. (Agence France Presse) ഫോട്ടോഗ്രാഫറായ ജോസഫ് ഈഡ് 2017 മാർച്ച് ഒമ്പതിനാണ് ഇത് എടുത്തത്.

ചിത്രത്തിലെ മനുഷ്യൻ മുഹമ്മദ് മൊഹിയിദ്ദീൻ അനിസ്. പ്രായം 70. ഗ്രാമഫോണിൽനിന്നും പാട്ടു കേൾക്കുകയാണ്. പക്ഷേ പശ്ചാത്തലമായി കാണുന്നത് അലെപ്പോയിലെ അയാളുടെ സ്വന്തം വീടാണെന്നു മറക്കരുത്. ഇസ്ലാമിക സ്റ്റേറ്റ് ഭീകരരും ആഭ്യന്തര കലാപകാരികളും ചേർന്ന് കല്ലിന്മേൽ കല്ല് ശേഷിപ്പിക്കാതെ തകർത്ത അലെപ്പോയിലെ പതിനായിരക്കണക്കിനു വീടുകളിൽ ഇത്തിരി ബാക്കിയായ ഒന്ന്. അവിടുത്തെ അവശേഷിക്കുന്ന കുറച്ചു മനുഷ്യരിൽ ഒരാൾ മാത്രമാണ് അനിസ്.

എത്ര വലിയ നഷ്ടങ്ങളുടെ നടുവിലിരുന്നാണ് അയാൾ ശാന്തനായി പാട്ടു കേൾക്കുന്നതെന്നുകൂടി അറിയുമ്പോഴാണ് നമ്മൾ അമ്പരക്കുക.

## അനിസിന്റെ കഥ

2016-ലാണ് എ.ഫ്.പിയുടെ ലേഖകൻ കരം അൽ മസ്രി ആദ്യമായി അനിസിനെ കാണുന്നത്. യുദ്ധഭൂമിയിലെ വാർത്താ ശേഖരണത്തിനിടെയാണ് അദ്ദേഹം അനിസിനെക്കുറിച്ച് അറിയുന്നത്. കാലഹരണപ്പെട്ടതും വില കൂടിയതും അത്യപൂർവമായ കാറുകളുടെ വലിയ ശേഖരത്തിനുടമയായിരുന്നു അനിസ്. അതൊരു കൗതുക വാർത്തയാക്കാമെന്നു മസ്രി തീരുമാനിച്ചു.

യുദ്ധം കൊടുമ്പിരികൊണ്ടിരുന്ന കാലത്ത് ആളുകൾ മറ്റു സ്ഥലങ്ങളിലേക്കു പലായനം ചെയ്തു. പക്ഷേ, ഈ കാറുകളും സംരക്ഷിച്ചുകൊണ്ട് തന്റെ വീട്ടിൽ കഴിഞ്ഞ അനിസിന്റെ കഥ 2016ൽ എ.എഫ്.പിയുടെ ശ്രദ്ധേയമായ സ്പെഷൽ ഐറ്റമായി ലോകം വായിച്ചു. പക്ഷേ, താമസിയാതെ എല്ലാം മാറിമറിഞ്ഞു. അലെപ്പോ യുദ്ധക്കളമായി മാറി. കുറച്ചുനാൾ വീട്ടിൽനിന്നു മാറിനിന്ന അനിസ് മടങ്ങിയെത്തിയപ്പോഴേക്കും കണ്ട കാഴ്ച അയാളുടെ നെഞ്ചു തകർത്തു.

## വീണ്ടും അലെപ്പോയിൽ

കഴിഞ്ഞ വർഷം ഐ.എസ്. ഭീകരരെ തുരത്തിയ സിറിയയിലേക്ക് ഒരിക്കൽകൂടി എ.എഫ്.പി.യുടെ ലേഖകൻ എത്തി. തകർന്നടിഞ്ഞ അലെപ്പോയിലേക്ക് ഇത്തവണ എത്തിയത് ലെബനൻ തലസ്ഥാനമായ ബെയ്റൂട്ടിലെ ബ്യൂറോ ചീഫ് സാമ്മി കെറ്റ്സും ഫോട്ടോഗ്രാഫർ ജോസഫ് ഈഡുമായിരുന്നു.

അലെപ്പോ നശിപ്പിക്കപ്പെട്ടിരിക്കുന്നു. കെട്ടിടങ്ങളൊക്കെയും ശ്മശാനത്തിൽ ഉപേക്ഷിക്കപ്പെട്ട അസ്ഥികൂടങ്ങൾപോലെ ചിതറിക്കിടക്കുന്നു. മനുഷ്യരുടെ സ്വപ്നങ്ങളെ നെഞ്ചിലൊതുക്കി വെടിയേറ്റു വീണ വീടുകൾ.

കുട്ടികൾ ഓടിക്കളിച്ചിരുന്ന വീട്ടുമുറ്റങ്ങളും മൈതാനങ്ങളും പാതയോരങ്ങളുമൊക്കെ എവിടെയാണെന്നു പോലും കണ്ടുപിടിക്കാനാവില്ല. മഹാനഗരമായിരുന്ന അലെപ്പോ മാനഭംഗത്തിനിരയായ പെൺകുട്ടിയെപ്പോലെ ആത്മാവും ഉടയാടകളും നഷ്ടപ്പെട്ട് മൺകൂനകളിൽ മുഖം പൊത്തിയിരിക്കുന്നു. വിനാശത്തിന്റെ നിരവധി ചിത്രങ്ങൾ ഫോട്ടോഗ്രാഫർ പകർത്തി. വീടിനെ കാറുകളുടെ മ്യൂസിയമാക്കിയ പഴയ അനിസ് ഇപ്പോൾ എന്തെടുക്കുകയാകും?

രണ്ടുപേരുംകൂടി അവിടേക്കു പുറപ്പെട്ടു. വർഷങ്ങളോളം അവിടെ ജീവിച്ചവർക്കുപോലും തിരിച്ചറിയാനാകാത്തവിധം മാറിപ്പോയ അലെപ്പോയിൽനിന്ന് അൽഷാർ പട്ടണത്തിന്റെ തെരുവിലൂടെ അനീസിന്റെ വീട്ടിലേക്ക് ആ പത്രക്കാരെ എത്തിച്ചത് നാട്ടുകാരിൽ ചിലരാണ്.

## അനിസിന്റെ മുറിയിൽ

അദ്ദേഹം അവിടെ ഉണ്ടായിരുന്നു. പച്ചഗേറ്റിനുള്ളിൽ മഹാപ്രതാപത്തോടെ തല ഉയർത്തിനിന്ന വീട് കണ്ടാൽ സഹിക്കില്ല. ക്വീക് നദിയിൽനിന്നുള്ള തണുത്ത കാറ്റിന് ഇത്തിരി കരുത്തുകൂടിയാൽ നിലംപൊത്താവുന്ന സ്ഥിതിയാണ്. പൊന്നുപോലെ സൂക്ഷിച്ചിരുന്ന കാറുകളിൽ പലതും തകർന്നു തരിപ്പണമായി. കുറെയൊക്കെ ആരോ കടത്തിക്കൊണ്ടുപോയിരിക്കുന്നു. അനിസ് ആഗതരെ അകത്തേക്കു ക്ഷണിച്ചു. യുദ്ധം ഒരു മനുഷ്യനെയും അയാളുടെ കുടുംബത്തെയും എങ്ങനെ ചിതറിച്ചുകളയുന്നുവെന്ന് മനസിലാക്കാൻ ആ മുറിയുടെ ഒരു ദൃശ്യം മതി. പൊട്ടിച്ചിതറിയ ചുവരുകൾ. കൽച്ചീളുകളും സിമന്റുകട്ടകളും നിരത്തിലെന്നപോലെ കൂടിക്കിടക്കുന്നു. ഒരിടത്തുമില്ല മനുഷ്യർ. വലിയ കട്ടിലിൽ വിരിച്ചിരിക്കുന്ന കമ്പിളി പുതപ്പ് ഒരു വശത്തേക്കു നീക്കി അനിസ് ഇരുന്നു.

## ബാക്കിയായ ഗ്രാമഫോൺ

പൊടിപടലങ്ങൾ തുടച്ചുനീക്കപ്പെട്ട ഒരേയൊരു ഉപകരണമേ മുറിയിലുള്ളു. അത് വൈദ്യുതിയില്ലാതെ കൈകൊണ്ട് കറക്കി പ്രവർത്തിപ്പിക്കാവുന്ന ഒരു പഴയ മോഡൽ ഗ്രാമഫോണാണ്. താൻ അത് ഇപ്പോഴും ഉപയോഗിക്കുന്നുണ്ടെന്നും അതിൽ ചില റിക്കാർഡുകൾ ഇട്ടു കേൾപ്പിക്കാമെന്നും അനിസ് പറഞ്ഞു. ഒരിക്കൽ അലെപ്പോയിലെ ധനവാനും പ്രതാപിയുമായിരുന്ന ആ മനുഷ്യൻ നഷ്ടങ്ങളുടെ കൂമ്പാരത്തിനു നടുവിൽ എഴുന്നേറ്റുനിന്നു. കറക്കിത്തിരിച്ച പ്ലെയറിലേക്ക് തന്റെ പ്രിയപ്പെട്ട റിക്കാർഡുകളിൽ ഒന്ന് അനിസ് ഇട്ടു. വീണ്ടും കട്ടിലിൽ ഇരുന്നു.

## ഒരു നിമിഷം

ഈഡിന്റെ കാമറ അതു പകർത്തി. എ.എഫ്.പി.യുടെ ചരിത്രത്തിലെ നിർണായകമായ ഫോട്ടോകളിലൊന്ന്. ജീവിക്കാനുള്ള മനുഷ്യന്റെ അടക്കാനാവാത്ത അഭിവാഞ്ഛ ആ നിശ്ചല ചിത്രത്തിൽ ചിറകുവിരിച്ചു. അടിക്കുറിപ്പുപോലും ആവശ്യമില്ലാതെ അതു ലോകമെങ്ങും കാഴ്ചക്കാരനെ വശീകരിച്ചു. യുദ്ധത്തിന്റെ കരിങ്കൊടി വാഹകരല്ല, പ്രതീക്ഷയുടെ ഇത്തിരി വിളുമ്പിലിരുന്ന് നാളെയെ സ്വപ്നം കാണുന്ന മനുഷ്യരാണ് വിജയിയെന്നും അതു പഠിപ്പിച്ചു.

സ്പെയിനിൽ മെഡിസിൻ പഠിച്ച, അഞ്ചു ഭാഷകൾ സംസാരിക്കുന്ന, 70 വയസു കഴിഞ്ഞ, എട്ടുമക്കളുടെ പിതാവുമായ, എല്ലാത്തിലുമുപരി എല്ലാം നഷ്ടപ്പെട്ടവനുമായ അനിസ് പറഞ്ഞു: 'ഞാൻ ഇവിടെത്തന്നെ ജീവിക്കും.

അനിസിന്റെ ചിത്രം പകർത്തിയ ജോസഫ് ഈഡ് പിന്നീടൊരിക്കൽ പറഞ്ഞു: 'ജീവിതം മുമ്പോട്ടു കൊണ്ടുപോകാനാവാതെ വിഷമിക്കുമ്പോൾ ഞാൻ ഈ ഫോട്ടോയിൽ നോക്കും. പിന്നെ എന്തിരിക്കുന്നു എനിക്കു വിഷമിക്കാൻ..'

ഒന്നു ചിന്തിച്ചാൽ: നഷ്ടപ്പെട്ടതൊന്നും നാം കൊണ്ടുവന്നതല്ലല്ലോ. ഇത്രമേൽ ദുഃഖിക്കാൻ. നേടിയതൊന്നും നാം കൊണ്ടുപോകുന്നില്ലല്ലോ ഇത്രമേൽ സന്തോഷിക്കാൻ.



## ഡയ്ലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ അനുഭവിച്ചറിഞ്ഞ ദൈവത്തെക്കുറിച്ച് എന്തു പറയുന്നു.

നിമ്മി ജെയിസൺ, ചേന്ദമംഗലം, പറവൂർ, എറണാകുളം

**☹ അനുസരിച്ചാശ്രയിച്ചു നിന്നാൽ ദൈവം നമ്മുടെ അപ്പനായി കൂടെയിരുന്ന് വഴി നടത്തും.**

☺ എല്ലാ രേഖകളും ആധാറുമായി ബന്ധിപ്പിക്കുന്ന ഇന്ത്യൻ പൗരന്റെ യഥാർത്ഥ അവസ്ഥ എന്താണ്? സർക്കാരിന്റെ ലക്ഷ്യം എന്താണ്?

പോൾ രവീന്ദ്രൻ, തട്ടയിൽ, അടൂർ, പത്തനംതിട്ട

**☹ ജനത്തെ ശരശയ്യയിലെ ഭീഷ്മരാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം.**

☺ മദ്യഷാപ്പിന്റെ മുന്നിലും ആശുപത്രിയിലും എപ്പോഴും നല്ല തിരക്ക് കാണുന്നു. എന്തുകൊണ്ടാണിങ്ങനെ?

ജോയമ്മ ദാനിയേൽ, കരളിമുക്ക്, ശാസ്താംകോട്ട, കൊല്ലം.

**☹ ജീവിക്കാനുള്ള ഊർജ്ജം തിരിച്ചുപിടിക്കാനുള്ള വിഫല ശ്രമമാണത്.**

☺ കുടവയർ ആത്മീയതയുടെ ലക്ഷണമല്ല. താങ്കളുടെ വയർ ചാടുന്നതിന് എന്തെങ്കിലും ന്യായം പറയാനുണ്ടോ.

തോമസ് ഈശോ, കങ്ങഴ, ഇടയപ്പാറ, കോട്ടയം

**☹ എല്ലാവരും കാലുകൊണ്ടാണ് ചാടുന്നത്. എനിക്ക് അത് പറ്റാത്തതുകൊണ്ട് വയറ് ചാടുന്നു എന്നേയുള്ളൂ.**

☺ ഇന്ത്യയുടെ തലസ്ഥാനം കേരളത്തിലെ നല്ലൊരു ശതമാനം വിദ്യാത്ഥികൾക്കും അറിയില്ലെന്ന് സർവ്വേ റിപ്പോർട്ട്. എന്തു പറയുന്നു.

പ്രശാന്ത് മോഹൻ, മാമംഗലം, പാലാരിവട്ടം,കൊച്ചി

**☹ S.F.I.ക്ക് തലസ്ഥാനം കണ്ണൂരും, M.S.F.ന് മലപ്പുറവും, A.B.V.P ക്ക് നാഗപൂരും, K.S.U.വിന് ഡൽഹിയും. പിന്നെങ്ങനെ വിദ്യാർത്ഥികൾ കൃത്യമായ ഒരു ഉത്തരം പറയും.**

☺ ബിഷപ്പ്, ഓവർ സിയർ, കങ്കാണി ഏതാണ് ശരി.

പാസ്റ്റർ ഈപ്പൻ ഫിലിപ്പ്, പയ്യപ്പാടി, പുതുപ്പള്ളി, കോട്ടയം

**☹ നേതാക്കൾ-പ്രമാണി, അവരുടെ ശിങ്കിടികൾ-കങ്കാണി വിശ്വാസികൾ വെറും പ്രാണികൾ**




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew